# വിവേകാനന്ദസ്പർശം – സ്വാമിജിയുടെ കേരള സന്ദർശനത്തിന്റെ നൂറ്റിരുപത്തഞ്ചാം വാർഷികം

ഡോ. എൻ. വി. പി. ഉണിത്തിരി

## 1. സ്വാമി വിവേകാനന്ദന്റെ കുടുംബവും വിദ്യാഭ്യാസവും

പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയുടെ തലസ്ഥാനമായിരുന്ന കൽക്കത്തയുടെ വടക്കുഭാഗത്ത് സിംലയിൽ പാരമ്പര്യപ്രസിദ്ധമായ ഒരു ദത്തവംശം ഉണ്ടായിരുന്നു. സമ്പന്നതയും സ്വാധീനശക്തിയുമുള്ളതാണ് ദത്തകുടുംബം. ആംഗലനിയമോപദേഷ്ടാവിന്റെ സഹായിയായിരുന്ന രാം മോഹൻ ദത്ത ഗൗരമോഹൻ മുഖർജി റോഡിൽ വലിയൊരു മാളികയിൽ അനേകം അംഗങ്ങളോടുകൂടിയ കുടുംബം നയിച്ചു. അദ്ദേഹത്തിന് ദുർഗാചരൺ, കാളീപ്രസാദ് എന്നിങ്ങനെ രണ്ടു പുത്രന്മാർ. ദുർഗാചരൺ സംസ്കൃതത്തിലും പേർഷ്യനിലും പാണ്ഡിത്യം നേടിയിരുന്നു. അദ്ദേഹം വടക്കൻ കൽക്കത്തയിലെ ദിവാൻ രജി ബ്ലോച്ചൻ ഘോഷിന്റെ ഇളയ മകളായ ശ്യാമസുന്ദരിയെ വിവാഹം ചെയ്തു. ശ്യാമസുന്ദരിക്കു നല്ല സാഹിത്യവാസനയുണ്ടായിരുന്നു. അവർ *ഗംഗാഭക്തിതരംഗിണി* എന്ന വിപുലമായൊരു ബംഗാളി കാവ്യം രചിച്ചിരുന്നതായും പിന്നട് അതിന്റെ കൈയെഴുത്തുപ്രതി നഷ്ടപ്പെട്ടുപോയതിനാൽ പ്രസിദ്ധീകരിക്കാതിരുന്നതായും ഭൂപേന്ദ്രനാഥ് ദത്ത രേഖപ്പെടുത്തിയിരിക്കുന്നു. ശ്യാമസുന്ദരിക്ക് ഒരു മകളും ഒരു മകനും പിറന്നു. ഏഴാം വയസ്സിൽത്തന്നെ മകൾ മരിച്ചുപോയി. മകന്റെ ജനനം 1835–ൽ. വിശ്വനാഥൻ എന്നു പേർ. ഇരുപത്തഞ്ചാം വയസ്സിൽ ദുർഗാചരൺ ഗാർഹസ്ഥ്യം വെടിഞ്ഞ് സന്യാസം വരിച്ച് ഇന്ത്യയിലെങ്ങും അലഞ്ഞുനടന്നു. അതുകൊണ്ട് വിശ്വനാഥനെ കുട്ടിക്കാലം മുതൽക്കേ വളർത്തിക്കൊണ്ടുവന്നത് കാളീപ്രസാദ് ആയിരുന്നു.

പതിനാറാം വയസ്സിൽ വിശ്വനാഥന്റെ വിവാഹം നടന്നു. നന്ദലാൽ ബസുവിന്റെ മകൾ ഭുവനേശ്വരീദേവിയാണ് വധു. ബസുവിന്റെ ഒരേയൊരു മകളാണവൾ. ദത്തകുടുംബത്തിൽ വന്ന ശേഷം ധനികകുടുംബജാതയായ ഭുവനേശ്വരിക്ക് പഴയ കൂട്ടുകുടുംബവ്യവസ്ഥയുടെ ഒരുപാട് ദുഷ്ഫലങ്ങൾ അനുഭവിക്കേണ്ടിവന്നു.

1866–ൽ വിശ്വനാഥൻ കൽക്കത്ത ഹൈക്കോടതിയിൽ അറ്റോർണിയായി ജോലിയാരംഭിച്ചു. അദ്ദേഹം ഇംഗ്ലീഷിനു പുറമെ സംസ്കൃതം, ബംഗാളി, പേർഷ്യൻ, അറബി, ഉർദു, ഹിന്ദി എന്നീ ഭാഷകളിൽക്കൂടി പ്രാവീണ്യം നേടിയിരുന്നു. ബംഗാളിയിലും ഹിന്ദിയിലും പ്രസിദ്ധീകരിക്കപ്പെട്ട *ശിഷ്ടാചാരപദ്ധതി* എന്നൊരു കൊച്ചുപുസ്തകത്തിന്റെ കർത്താവാണദ്ദേഹം. ഇത് 1882–ൽ പ്രസിദ്ധീകരിച്ചതാണ്. ഇതിനൊരു രണ്ടാം ഭാഗം കൂടി എഴുതിയിരു



ന്നുവെങ്കിലും പ്രസിദ്ധീകരിച്ചിട്ടില്ല.

വിശ്വനാഥൻ പഴയ ഹിന്ദു–മുസ്ലീം നാഗരികതയുടെയും അക്കാലത്ത് പ്രചാരം നേടിക്കൊണ്ടിരുന്ന പുതിയ ഇംഗ്ലീഷ് സംസ്കാരത്തിന്റെയും സന്തതിയാണ്. അദ്ദേഹത്തിന് ധാരാളം യൂറോപ്യൻ സുഹൃത്തുക്കളുണ്ടായിരുന്നു. വേഷത്തിലും ആഹാരത്തിലും പെരുമാറ്റത്തിലുമെല്ലാം അദ്ദേഹം പഴയ ഹിന്ദു–മുസ്ലീം പാരമ്പര്യമാണ് അനുവർത്തിച്ചത്. അതേ സമയം നിത്യജീവിതത്തിലെ ചില കാര്യങ്ങളിൽ അദ്ദേഹം യൂറോപ്യൻ സമ്പ്രദായം സ്വീകരിച്ചു. പക്ഷേ, അദ്ദേഹം പൊതുവിൽ വിശുദ്ധമായി കരുതപ്പെട്ടിരുന്ന യാഥാസ്തികപാരമ്പര്യത്തിൽനിന്നു വ്യതിചലിച്ചില്ല. അദ്ദേഹം ബ്രാഹ്മണർക്കു ദക്ഷിണ നൽകുകയും മുസ്ലീം സന്യാസിമാരായ പീർമാരെ ആദരിക്കുകയും ചെയ്തു. പണ്ഡിറ്റ് ഈശ്വരചന്ദ്രവിദ്യാസാഗറും മറ്റും അവതരിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത വിധവാപുനർവിവാഹത്തെ ന്യായീകരിച്ചിരുന്നുവെങ്കിലും അദ്ദേഹം ഒരു പരിഷ്കരണപ്രസ്ഥാനത്തിലും ചേർന്നു പ്രവർത്തിച്ചിരുന്നില്ല.

വിശ്വനാഥൻ *ബൈബിളി*നെയും *ദിവാൻ–ഇ–ഹാഫിസി*നെയും ആദരിച്ചിരുന്നു. ഇത് ചിലരുടെ എതിർപ്പിനിടയാക്കി. *ബൈബിളും ദിവാൻ–ഇ–ഹാഫിസു*ം വായിക്കാൻ മകൻ നരേന്ദ്രനെ ഉപദേശിച്ചതിന്റെ പേരിൽ ചില രാമകൃഷ്ണശിഷ്യന്മാർ അദ്ദേഹത്തെ ആക്ഷേപിക്കുകയുണ്ടായി. ഹിന്ദുമതചിന്തകളെപ്പറ്റി അറിവില്ലാത്തതുകൊണ്ടാണ് അദ്ദേഹം അങ്ങനെ ചെയ്തതെന്നാണ് അവരുടെ വിമർശനം. ഭൂപേന്ദ്രനാഥ് ശരിയായി ചൂണ്ടിക്കാട്ടുന്നതുപോലെ, ഈ വിദ്വാന്മാർക്ക് ആത്യന്തികമായ അപഗ്രഥനത്തിൽ ഹിന്ദുമതമെന്നത് ബഹുദേവതാവാദത്തിന്റെ മറ്റൊരു പേരു മാത്രമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നു തോന്നുന്നു. ഏകദൈവവിശ്വാസത്തെ തേടുന്ന ഒരാൾക്ക് ഹിന്ദുബഹുദേവതാവാദാശയങ്ങൾകൊണ്ട് തൃപ്തിപ്പെടാൻ സാധ്യമല്ല. ബംഗാൾ ഒരിക്കലും വേദങ്ങളുടെയും വേദാന്തത്തിന്റെയും നാടായിരുന്നില്ലെന്നും മഹായാനബുദ്ധമതം അവതരിപ്പിച്ച തന്ത്രത്തിന്റെ നാടാണതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. താരതമ്യമതപഠനത്തിൽ താല്പര്യം കാണിക്കുകയും എല്ലാ വിശ്വാസാരാധനാസമ്പ്രദായങ്ങളെയും ബഹുമാനിക്കുകയും ചെയ്യുന്നത് പാപമാണെങ്കിൽ ആ പാപം വിശ്വനാഥൻ ചെയ്തിട്ടുണ്ട്. അദ്ദേഹത്തെ ആക്ഷേപിച്ചവരുടെ ഗുരുവായ രാമകൃഷ്ണപരമഹംസൻതന്നെ പ്രയോഗത്തിൽ അത്തരത്തിലുള്ളൊരു മഹാപുരുഷനായിരുന്നുവല്ലോ.

രാമകൃഷ്ണൻ ബ്രാഹ്മണമതപുനരുജ്ജീവനവാദത്തിന്റെ അന്ധാരാധകനായിരുന്നില്ലന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? മക്കളെ ചിന്താമണ്ഡലത്തിൽ സമൂലപരിഷ്കരണവാദികളാക്കി മാറ്റുന്നതിൽ വിശ്വനാഥൻ വലിയൊരു പങ്കു വഹിച്ചിട്ടുണ്ടെന്ന് മകൻ ഭൂപേന്ദ്രനാഥ് നന്ദിപൂർവം അനുസ്മരിക്കുന്നുണ്ട്.

മതസൗഹാർദത്തിന്റെ അന്തരീക്ഷം നിറഞ്ഞുനിന്നിരുന്ന കുടുംബമാണ് വിശ്വനാഥന്റേത്. മാണിക് പീർ എന്നൊരു സൂഫി വര്യന്റെ ദർഗ(ശവകുടീരം)യും അതിനു ചുറ്റുമുള്ള സ്ഥലവും അദ്ദേഹം ഭുവനേശ്വരിയുടെ പേരിൽ വിലയ്ക്കു വാങ്ങിയിരുന്നു. അവിടത്തെ കുടികിടപ്പുകാരായ ദരിദ്രമുസ്ലീങ്ങൾ പാട്ടമടയ്ക്കാനുള്ള തങ്ങളുടെ കഴിവില്ലായ്മ ഭുവനേശ്വരീദേവിയെ കണ്ടു പറഞ്ഞപ്പോൾത്തന്നെ അവർ യാതൊരു വൈമനസ്യവുമില്ലാതെ അതിളവു ചെയ്തുകൊടുത്ത കഥ ഭൂപേന്ദ്രനാഥ് വിവരിക്കുന്നുണ്ട്. മുഹറം ഘോഷയാത്രകളിൽ മുസ്ലീം കുട്ടികളോടൊപ്പം ധാരാളം ഹിന്ദുബാലന്മാർ പങ്കെടുത്തിരുന്നതായും അദ്ദേഹം അനുസ്മരിക്കുന്നു. മാണിക് പീറിന്റെ പേരിൽ ഭിക്ഷ യാചിച്ചുവരുന്ന വൃദ്ധനായൊരു ഫക്കീറിനെ എത്ര ഔത്സുക്യത്തോടുകൂടിയാണ് തങ്ങൾ സ്വീകരിച്ച് “പീർ നിങ്ങൾക്ക് ദീർഘയുസ്സ് നൽകട്ടെ” എന്ന ആശീർവാദം വാങ്ങി ഒരു പൈസ ധർമം കൊടുത്തിരുന്നതെന്ന് ഗൃഹാതുരത്വത്തോടെ ഭൂപേന്ദ്രനാഥ് ഓർക്കുന്നു. തന്റെ കക്ഷിയായിരുന്ന ഒരു മുഗൾവനിത ചിലപ്പോൾ തന്റെ ഗൃഹത്തിൽ മുഗൾസമ്പ്രദായത്തിലുള്ള വിരുന്നൊരുക്കേണ്ടിവരുമ്പോൾ അവരുടെ പാചകനെ അയച്ചിരുന്നുവെന്നും അയാൾ തന്റെ ബ്രാഹ്മണപാചകന് വേണ്ട നിർദേശങ്ങൾ കൊടുത്തിരുന്നുവെന്നും കൂടി ഭൂപേന്ദ്രനാഥ് രേഖപ്പെടുത്തുന്നു. ആതിഥ്യപ്രിയനായിരുന്ന വിശ്വനാഥന് മുസ്ലീം ഭക്ഷണരീതിയോട് വളരെ പ്രതിപത്തിയായിരുന്നുവത്രെ.

ധനികകുടുംബത്തിൽ പിറന്ന ഭുവനേശ്വരിക്ക് ഭർത്താവായ തന്റെ വീട്ടിൽ അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകൾ വാസ്തവത്തിൽ വിശ്വനാഥനെ വളരെ വേദനിപ്പിച്ചിരുന്നു. അദ്ദേഹത്തെ ബാധിച്ച പ്രമേഹവും ഹൃദ്രോഗവും ആ വേദനയെ ഒന്നുകൂടി വർധിപ്പിച്ചു. എങ്കിലും ജോലിസംബന്ധമായി അദ്ദേഹത്തിന് ധാരാളം യാത്ര ചെയ്യേണ്ടിവന്നു. അത്തരമൊരു ദീർഘയാത്ര കഴിഞ്ഞ് തിരിച്ചുവന്ന ദിവസമാണ് അദ്ദേഹം ഹൃദയസ്തംഭനം മൂലം അന്ത്യശ്വാസം വലിച്ചത്.

ഭുവനേശ്വരി–വിശ്വനാഥദമ്പതികൾക്ക് നാലു പുത്രന്മാരും ആറു പുത്രിമാരും ജനിച്ചു. ആദ്യത്തേത് മകൻ. അവൻ കുഞ്ഞുന്നാളിലേ മരിച്ചുപോയി. രണ്ടാമത്തേത് മകൾ – ഹരമണി. അടുത്തതും മകൾതന്നെ – സ്വർണമയി. പിന്നീട് പിറന്നത് മകൻ – നരേന്ദ്രനാഥ്. അനന്തരം ജനിച്ച മകൾ താമസിയാതെ മരിച്ചു. തുടർന്ന് രണ്ടു പെണ്മക്കൾ – കിരൺബാലയും ജോഗേന്ദ്രബാലയും. അവർക്ക് രണ്ടനുജന്മാർ – മൂത്തവൻ മഹേന്ദ്രനാഥ്, ഇളയവൻ ഭൂപേന്ദ്രനാഥ്.



ആണ്മക്കളിൽ മൂത്തവനായ നരേന്ദ്രനാഥനാണ് പിന്നീട് വിവേകാനന്ദനെന്നു പ്രസിദ്ധനായിത്തീർന്നത്. അദ്ദേഹത്തിന്റെ രണ്ടനുജന്മാരെപ്പറ്റി അല്പം വിവരിക്കുന്നത് സന്ദർഭോചിതമായിരിക്കും.

മഹേന്ദ്രനാഥ് 1869–ൽ ജനിച്ചു. പണ്ഡിതനും ചിന്തകനും എഴുത്തുകാരനുമായിരുന്നു അദ്ദേഹം. 1896–ൽ ഉപരിപഠനത്തിനായി ഇംഗ്ലണ്ടിൽ പോയി. അവിടെനിന്ന് ഉത്തരാഫ്രിക്കയിലേക്കു തിരിച്ചു. അവിടെ വ്യാപകമായി സഞ്ചരിച്ചു. ദക്ഷിണപൂർവയൂറോപ്പ്, ദക്ഷിണറഷ്യ, സിറിയ മുതലായ രാജ്യങ്ങളും സന്ദർശിച്ചു. സിറിയയിൽ അദ്ദേഹം രണ്ടു തവണ പേർഷ്യൻ ബഹായി പ്രസ്ഥാനത്തിന്റെ തലവനായ അബ്ദുൾ ബാഹാ എഫന്റിയുടെ അതിഥിയായി താമസിച്ചിരുന്നു. പേർഷ്യയിലൂടെ മധ്യേഷ്യയിലേക്കു പോകാനായിരുന്നു അദ്ദേഹത്തിന്റെ പരിപാടി. അതിന് അനുമതി കിട്ടാതിരുന്നതുകൊണ്ട് ഇന്ത്യയിലേക്കു മടങ്ങി കാശ്മീർ സന്ദർശനത്തിലേർപ്പെട്ടു. ഈ വിദൂരയാത്രകളിൽ അമ്മ ഭുവനേശ്വരീദേവി മകനെക്കുറിച്ച് എന്നും ഉത്കണ്ഠാകുലയായിരുന്നു. അവസാനം 1902–ൽ സ്വാമി വിവേകാനന്ദന്റെ മരണശേഷമാണ് മഹേന്ദ്രനാഥ് കൽക്കത്തയിൽ തിരിച്ചെത്തിയത്. ഇംഗ്ലീഷിലും ബംഗാളിയിലുമായി ഇരുപതോളം ഗ്രന്ഥങ്ങളും ബംഗാളിയിലും ഹിന്ദിയിലുമായി അനേകം പ്രബന്ധങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. 1956–ലാണ് മഹേന്ദ്രനാഥ് അന്തരിച്ചത്.

വിവേകാനന്ദന്റെ ഏറ്റവും ഇളയ അനുജനായ ഭൂപേന്ദ്രനാഥ് 188ദ സപ്തമ്പർ 4–ന് ജനിച്ചു. സ്കൂൾവിദ്യാർഥിയായിരുന്നപ്പോൾത്തന്നെ ബ്രഹ്മസമാജത്തിന്റെ സ്വാധീനത്തിൽ പെട്ടു. ജാതിവ്യവസ്ഥയ്ക്കും മറ്റന്ധവിശ്വാസാനാചാരങ്ങൾക്കുമെതിരായ മനോഭാവം അദ്ദേഹത്തിൽ വളരുന്നതിന് ഇതു കാരണമായി. ജീവിതപ്രശ്നങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനം യുക്തിസഹമായിരുന്നു. കുട്ടിക്കാലത്തുതന്നെ ഭൂപേന്ദ്രനാഥ് ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്നെതിരെ സമരം ചെയ്യുന്ന വിപ്ലവകാരികളുടെ കൂട്ടത്തിൽ ചേർന്നു. ഇരുപത്തിരണ്ടാം വയസ്സിൽ അദ്ദേഹം അനുശീലൻ സമിതി നടത്തുന്ന ആയുധാഭ്യാസക്കളരിയിൽ ചേർന്ന് ആയോധനമുറകൾ പരിശീലിച്ചു. പിന്നീട് ബോമ്പ് പരിശീലനവും നേടി. 1903–ൽ വിപ്ലവപ്രസ്ഥാനത്തിൽ ചേർന്നു. ബംഗാളിലും ബീഹാറിലും ഒറീസ്സയിലും യാത്ര ചെയ്ത് രഹസ്യമായി വിപ്ലവരാഷ്ട്രീയപ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ്

അദ്ദേഹം ചെയ്തത്. അതിന്റെ ഭാഗമായി വിപ്ലവാശയങ്ങൾ പ്രചരിപ്പിക്കുന്നതിന് ബംഗാൾ വിപ്ലവപ്പാർട്ടിയുടെ ജിഹ്വയായ *യുഗാന്തർ വാരിക* നടത്തി. ബ്രിട്ടീഷ് വിരുദ്ധപ്രവർത്തനങ്ങളുടെ പേരിൽ 1907–ൽ സർക്കാർ അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. കേസ്സുവിചാരണയോട് സഹകരിക്കുകയില്ലെന്നും തന്റെ രാജ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് തനിക്ക് ആരോടും ഉത്തരം പറയേണ്ടതില്ലെന്നുമുള്ള ഒരു പ്രസ്താവന കോടതിയിൽ നൽകുക മാത്രമേ അദ്ദേഹം ചെയ്തുള്ളൂ. (ഇന്ത്യയിലെ ബ്രിട്ടീഷ് സർക്കാരുമായി ആദ്യത്തെ നിസ്സഹകരണം ഭൂപേന്ദ്രനാഥിന്റേതായിരുന്നുവെന്ന വസ്തുത പൊതുവിൽ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല). തുടർന്ന് അദ്ദേഹത്തെ ഒരു കൊല്ലത്തെ കഠിനതടവിനു ശിക്ഷിച്ചു. ശിക്ഷ വിധിച്ച ദിവസം സിസ്റ്റർ നിവേദിത അദ്ദേഹത്തിനെഴുതി: "ഭൂപൻ ഇന്ന് ഞങ്ങൾക്ക് അഭിമാനാവഹമായൊരു ദിവസത്തെയാണ് സമ്മാനിച്ചിരിക്കുന്നത്." വീണ്ടും അറസ്റ്റിൽപെടുന്നത് ഒഴിവാക്കാൻ വേണ്ടി അഭ്യുദയകാംക്ഷികളുടെ ഉപദേശപ്രകാരം, ഭൂപേന്ദ്രനാഥ് അമേരിക്കയിലേക്കു പോയി. അവിടെ അദ്ദേഹം അക്കാദമിക് പ്രവർത്തനങ്ങളും വിപ്ലവപ്രവർത്തനങ്ങളും ഒപ്പത്തിനൊപ്പം നടത്തി. പിന്നീട് ജർമനിയിലെത്തുകയും വിപ്ലവസോഷ്യലിസ്റ്റ് നേതാക്കളുമായി ബന്ധപ്പെടുകയും ചെയ്തു. വിവേകാനന്ദന്റെ "ഞാനൊരു സോഷ്യലിസ്റ്റാണ്" എന്ന പ്രഖ്യാപനം അനുജനായ ഭൂപന് അതിരറ്റ പ്രചോദനമരുളിയിരുന്നു. പതിനാറു വർഷത്തെ വിദേശയാത്രയ്ക്കു ശേഷം അദ്ദേഹം 1925–ൽ ഇന്ത്യയിൽ തിരിച്ചെത്തി. പോകുമ്പോൾ ഒരു ദേശീയവാദിയായിരുന്ന ഭൂപേന്ദ്രനാഥ് തിരിച്ചുവരുന്നത് ഒരു സോഷ്യലിസ്റ്റുനേതാവും നരവംശശാസ്ത്രജ്ഞനും വിവിധവിജ്ഞാനപണ്ഡിതനുമായിട്ടാണ്. അദ്ദേഹത്തിന് അനേകം തൊഴിലാളിസംഘടനകളുടെ നേതൃത്വം ഏറ്റെടുക്കേണ്ടിവന്നു. 1927–28 കാലത്ത് അദ്ദേഹം ബംഗാൾ പ്രവിശ്യാ കോൺഗ്രസ് കമ്മിറ്റിയംഗമായും 1929–ൽ എ. ഐ. സി. സി. അംഗമായും തിരഞ്ഞെടുക്കപ്പെട്ടു. 1930–ലെ കറാച്ചി കോൺഗ്രസ്സിൽ തൊഴിലാളികളുടെയും കർഷകരുടെയും മൗലികാവകാശങ്ങളെക്കുറിച്ചുള്ള പ്രമേയം തയ്യാറാക്കിയത് മുഖ്യമായും ഭൂപേന്ദ്രനാഥാണ്. സ്വാതന്ത്ര്യസമരപ്രവർത്തനങ്ങളിൽ ആവേശപൂർവം പങ്കെടുത്ത അദ്ദേഹം, സോവിയറ്റുയൂനിയനെ നാസികൾ ആക്രമിച്ചതിൽ പ്രതിഷേധിച്ച് 1941 ജൂലായിൽ കൽക്കത്ത ടൗൺ ഹാളിൽ സംഘടിപ്പിക്കപ്പെട്ട മഹാറാലിയിൽ മുഖ്യപ്രഭാഷകരിലൊരാളായിരുന്നു. 1945–ൽ ബംഗാൾ പ്രവിശ്യാ വിദ്യാർഥി ഫെഡറേഷന്റെ കട്വാ സബ് ഡിവിഷൻ കോൺഫറൻസിൽ അധ്യക്ഷത വഹിച്ചത് അദ്ദേഹമത്രേ. ഉറച്ച മാർക്സിസ്റ്റായ ഭൂപേന്ദ്രനാഥ്, സോഷ്യലിസം വിജയിക്കണമെങ്കിൽ അതത് നാടുകളിൽ അതിന് വേരോട്ടമുണ്ടായിരിക്കണമെന്ന അഭിപ്രായക്കാരനായിരുന്നു. അദ്ദേഹം പറഞ്ഞു:"നിങ്ങൾ മാർക്സിസം മാത്രം പഠിച്ചാൽ പോരാ. എല്ലാറ്റിനും മുൻപ് ഇന്ത്യയെയും അതിന്റെ വിഭവവിനിയോഗത്തെയും സംസ്കാരത്തെയും പാരമ്പര്യത്തെയും അറിയുകകൂടി വേണം."



ഭൂപേന്ദ്രനാഥ് ദത്തയുടെ ഇംഗ്ലീഷ് കൃതികളിൽ *വിവേകാനന്ദ – ദി സോഷ്യലിസ്റ്റ്, സ്വാമി വിവേകാനന്ദ – പാട്രിയോട്ട് പ്രോഫെറ്റ്, സ്റ്റഡീസ് ഇൻ ഇൻഡ്യൻ സോഷ്യൽ പോളിറ്റി, ഡയലിക്റ്റ്സ് ഓഫ് ഹിന്ദു റിചലിസം, ഡയലിക്റ്റ്സ് ഓഫ് ലാന്റ് എക്കണോമിക്സ് ഓഫ് ഇന്ത്യ, ഇന്ത്യൻ ആർട്ട് ഇൻ റിലേഷൻ റ്റു കൾച്ചർ* എന്നിവ ഉൾപ്പെടുന്നു. ഒരു ഡസൻ ബംഗാളി ഗ്രന്ഥങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഇവയ്ക്കു പുറമെയാണ് ജർമനിയിലും ഇംഗ്ലീഷിലുമായി നരവംശശാസ്ത്രത്തെയും സംസ്കാരത്തെയും പറ്റി മുപ്പതിൽപരം ഗവേഷണപ്രബന്ധങ്ങളും ബംഗാളിയിലും ഹിന്ദിയിലും മറ്റനേകം പ്രബന്ധങ്ങളും.

നരേന്ദ്രനാഥ് 1863 ജനുവരി 12–ന് ഭൂജാതനായി. ഏതാണ്ട് എട്ടു വയസ്സു മാത്രം പ്രായമുള്ളപ്പോൾ നരേന്ദ്രനെ പണ്ഡിറ്റ് ഈശ്വരചന്ദ്രവിദ്യാസാഗറിന്റെ മെട്രോപോളിറ്റൻ വിദ്യാലയത്തിൽ ചേർത്തു. വിശ്വനാഥൻ ഔദ്യോഗികവൃത്തിയുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ വിവിധഭാഗങ്ങൾ സന്ദർശിക്കുക പതിവായിരുന്നു. അങ്ങനെ 1877–ൽ മധ്യഭാരതത്തിലെ റയ്പൂരിൽ കുറച്ചുകാലം താമസിക്കേണ്ടിവന്നതുകൊണ്ട് അദ്ദേഹം കുടുംബത്തെയും അങ്ങോട്ടു കൂട്ടി. ഇപ്രകാരം 14–ാം വയസ്സിൽ നരേന്ദ്രന് സ്കൂൾ വിട്ട് അച്ഛന്റെകൂടെ റയ്പൂരിലേക്കു പോകേണ്ടിവന്നു. ഒന്നരക്കൊല്ലം അവിടെ താമസിച്ചു. 1879–ൽ കൽക്കത്തയിൽ തിരിച്ചുവന്ന് വീണ്ടും പഴയ സ്കൂളിൽ ചേർന്നു. അക്കൊല്ലം തന്നെ നരൻ എൻട്രൻസ് പരീക്ഷയിൽ ഒന്നാം ഡിവിഷനിൽ പാസ്സായി. തുടർന്ന് 1880–ൽ പ്രസിഡൻസി കോളേജിൽ പഠനമാരംഭിച്ചു. അതൊരു ഗവൺമെന്റ് കോളേജായതുകൊണ്ടും പ്രൊഫസർമാർ എല്ലാവരുമോ ഭൂരിപക്ഷമോ യൂറോപ്യന്മാരായതുകൊണ്ടും വിദ്യാർഥികളുടെ വേഷത്തിന്റെ കാര്യത്തിൽ ചില നിബന്ധനകളുണ്ടായിരുന്നു. രണ്ടാം വർഷം മലമ്പനി പിടി പെട്ടതുകൊണ്ട് നരേന്ദ്രന് ആവശ്യമായ ഹാജർ തികഞ്ഞില്ല. അതിന്റെ ഫലമായി 1881–ൽ എഫ്. എ. പരീക്ഷയ്ക്കിരിക്കാൻ അനുമതി ലഭിക്കാതെപോയി. അപ്പോഴാണ് നിയമപഠനത്തിനായി ഇംഗ്ലണ്ടിൽ പോകാൻ പദ്ധതിയിട്ടത്. പക്ഷേ, അച്ഛന് അതത്ര സമ്മതമായില്ല. മകനെ ദീർഘകാലം പിരിഞ്ഞിരിക്കുന്നതിലുള്ള വിഷമം തന്നെ കാരണം. എന്നാൽ പിന്നീട് അദ്ദേഹത്തിന്റെ

മനസ്സു മാറി. ഇംഗ്ലണ്ടിൽ മകന്റെ താമസത്തിനുള്ള സൗകര്യങ്ങൾ ചെയ്യാൻ അദ്ദേഹം നടപടിയാരംഭിച്ചിരുന്നുവെന്ന് ഭൂപേന്ദ്രനാഥ് പറയുന്നുണ്ട്. ഏതായാലും, പിൽക്കാലത്ത് സ്കോട്ടിഷ് ചർച്ച് കോളേജ് എന്നു പ്രസിദ്ധമായ ജനറൽ അസംബ്ലി ഇൻസ്റ്റിറ്റ്യൂഷനിൽ നരേന്ദ്രന് പ്രവേശനം ലഭിക്കുകയും അവസാനപരീക്ഷയ്ക്കിരിക്കാൻ സാധിക്കുകയും ചെയ്തു. വിശ്വപ്രശസ്തശാസ്ത്രചരിത്രകാരനായ ബി. എൻ. സീൽ അന്നവിടെ അദ്ദേഹത്തിന്റെ സീനിയറായി പഠിച്ചിരുന്നു. നരേന്ദ്രൻ സീലുമായി സൗഹൃദം സ്ഥാപിക്കുകയും ഫിലോസോഫിക്കൽ ക്ലബ്ബിൽ നടന്നുവന്നിരുന്ന ദാർശനികചർച്ചകളിൽ അദ്ദേഹത്തോടൊപ്പം സജീവം പങ്കെടുക്കുകയും ചെയ്തു. 1883–ൽ ബി. എ. പരീക്ഷ ജയിച്ചതിനുശേഷം, പിൽക്കാലത്ത് വിദ്യാസാഗർ കോളേജ് എന്നറിയപ്പെട്ട മെട്രോപോളിറ്റൻ ഇൻസ്റ്റിറ്റ്യൂഷനിലെ നിയമവിഭാഗത്തിൽ പഠിച്ച് 1884–ൽ ബി. എൽ. പരീക്ഷയ്ക്കു തയ്യാറായി. കോളേജിലെ ഏറ്റവും ദരിദ്രരായ വിദ്യാർഥികളിൽ ഒരുവനായിരുന്നു നരൻ. നിയമപഠനം പൂർത്തിയാക്കിയെങ്കിലും അവസാനപരീക്ഷയെഴുതാൻ അവനു കഴിഞ്ഞില്ല. അച്ഛന്റെ ആകസ്മികമരണം നരേന്ദ്രന്റെ പഠനപദ്ധതികളെയാകെ തകർത്തു. കുടുംബഭാരം മുഴുവൻ അദ്ദേഹത്തിന്റെ ചുമലിലായി. ഈ അവസ്ഥയിൽ ഒരു സഹായമാവട്ടെ എന്നുവെച്ച് ഈശ്വരചന്ദ്രവിദ്യാസാഗർ നരേന്ദ്രനെ തന്റെ ബൗബസാർ ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായി നിയമിച്ചു. പക്ഷേ, ചതിപ്രയോഗങ്ങളിലൂടെ വിദ്യാസാഗറിന്റെ ജാമാതാവായ സ്കൂൾ സിക്രട്ടറി അദ്ദേഹത്തെ മാസങ്ങൾക്കുള്ളിൽ പുറത്താക്കി.

വിദ്യാസമ്പന്നകളായ സ്ത്രീകളാണ് നരേന്ദ്രന്റെ കുടുംബത്തിൽ പൊതുവെ ഉണ്ടായിരുന്നത്. തന്റെ പൂർവികരിൽ ചിലർ കടൽ കടന്ന് ഇംഗ്ലണ്ടിൽ പോയി പഠിച്ചവരും ഇന്ത്യയിൽത്തന്നെ ബോംബെയിലും മറ്റും ജോലി നോക്കിയവരും അങ്ങനെ യാഥാസ്ഥിതികദൃഷ്ടിയിൽ 'ജാതിഭ്രഷ്ട്' കല്പിക്കപ്പെട്ടവരും ഉണ്ടായിരുന്നു. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ട ചിലരും അവരിൽ പെടും. കാളിനാഥഘോഷ്, ഗോവിന്ദചന്ദ്രദത്തയുടെ ഭാര്യ ക്ഷേത്രമണീദേവി എന്നിവർ ക്രിസ്തുമതം സ്വീകരിച്ചവരായിരുന്നു. ഈ ക്ഷേത്രമണീദേവിയുമായി അവർ ക്രിസ്ത്യാനിയാവുന്നതിനു മുൻപ് മാത്രമല്ല, പിൻപും ഭക്ഷണം പങ്കിട്ടുകഴിച്ചതിനെപ്പറ്റി തന്റെ ചേച്ചി സ്വർണമയീദേവി പലപ്പോഴും അനുസ്മരിക്കാറുണ്ടായിരുന്നതായി ഭൂപേന്ദ്രനാഥ് എഴുതിയിട്ടുണ്ട്. ഇപ്രകാരം ലിബറൽ ചിന്താഗതികൾക്ക് പ്രാമുഖ്യമുണ്ടായിരുന്ന ഒരു കുടുംബമാണ് നരേന്ദ്രന്റേത്. നരേന്ദ്രന് ക്ലാസ്സിക്കൽ സംഗീതത്തിൽ നല്ല വൈദഗ്ധ്യമുണ്ടായിരുന്നു. അത് കുറേ അച്ഛനിൽനിന്നു



പാരമ്പര്യമായി കിട്ടിയതാണ്. അഹമ്മദ് ഖാൻ, വേണീഗുപ്തൻ എന്നീ പ്രസിദ്ധഗായകരിൽനിന്നാണ് അദ്ദേഹം സംഗീതം പഠിച്ചത്. ആദിബ്രഹ്മസമാജസഭകളിൽ ഉപകരണസംഗീതം വായിച്ചിരുന്ന കാശീഘോഷാലും അദ്ദേഹത്തെ സംഗീതം പഠിപ്പിച്ചിരുന്നു. നരേന്ദ്രനും പല ഉപകരണങ്ങളും ഉപയോഗിച്ച് സംഗീതം ആലപിക്കാറുണ്ട്. അതേപ്പറ്റി അദ്ദേഹം ബംഗാളിയിൽ ഒരു പുസ്തകംതന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പല സംഗീതോപകരണങ്ങളും വായിക്കാനറിയാമെങ്കിലും പാട്ടു പാടുന്നതിലായിരുന്നു അദ്ദേഹത്തിനു കൂടുതൽ താല്പര്യം. ഹിന്ദിയിലും ഉർദുവിലും പേർഷ്യനിലുമുള്ള ഭജനകീർത്തനങ്ങളുൾപ്പെടെ അനേകം ഗാനങ്ങൾ നരേന്ദ്രൻ തന്റെ മുസ്ലീം ഗുരുനാഥനിൽനിന്നു പഠിച്ചിട്ടുണ്ട്. ഒരു കലാവിമർശകനെന്ന നിലയിൽ വിവേകാനന്ദനെ വിലയിരുത്തുന്ന ഒരധ്യായംതന്നെ ഭൂപേന്ദ്രനാഥ് തന്റെ ഗ്രന്ഥത്തിൽ എഴുതിച്ചേർത്തിട്ടുള്ളത് ഏവരും വായിക്കേണ്ടതാണ്.

വിദ്യാർഥിജീവിതകാലത്ത് പാഠ്യപുസ്തകങ്ങൾ മാത്രം വായിച്ച് തൃപ്തിപ്പെടുന്ന കൂട്ടത്തിലായിരുന്നില്ല നരേന്ദ്രൻ. പാശ്ചാത്യമായ തർക്കശാസ്ത്രം, ദർശനം എന്നിവയിലെ പ്രാമാണികഗ്രന്ഥങ്ങളിൽ മിക്കതും അദ്ദേഹം പഠിച്ചത് ഇക്കാലത്താണ്. യൂറോപ്പിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ പ്രാചീനവും അർവാചീനവുമായ ചരിത്രം ഉൾക്കൊണ്ടതും ഇതേ കാലയളവിൽത്തന്നെ. അക്കാലത്തെ ബംഗാളിലെ യുവചിന്തകരെ ആകർഷിച്ച സ്പെൻസർ, മിൽ, ഹാരിസൺ മുതലായ എഴുത്തുകാരുടെ പരിവർത്തപ്രവർത്തനപ്രചോദകങ്ങളായ കൃതികൾ നരേന്ദ്രന്റെ ആശയപ്രപഞ്ചത്തെയും വികസിപ്പിക്കുകയുണ്ടായി.

പിൽക്കാലത്ത് തന്നിൽ മറ്റുള്ളവർ കണ്ടിരുന്ന അസാധാരണമായ ഗ്രഹണപാടവത്തെക്കുറിച്ച് വിവേകാനന്ദൻ ഇപ്രകാരം പറയുമായിരുന്നു: "ഒരു ഗ്രന്ഥകാരനെ അയാളുടെ പുസ്തകത്തിന്റെ ഓരോ വരിയും വായിക്കാതെതന്നെ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. ഒരു ഖണ്ഡികയുടെ ആദ്യത്തെയും ഒടുക്കത്തെയും വരി മാത്രം വായിച്ചാൽ മതി എനിക്കു കാര്യം ഗ്രഹിക്കാൻ. ഈ ശക്തി വളർന്നതോടെ, ഖണ്ഡിക വായിക്കേണ്ട ആവശ്യംപോലുമില്ലാതായി. ഓരോ പേജിന്റെയും ആദ്യത്തെയും അവസാനത്തെയും വരികൾ വായിച്ചാൽ എനിക്ക് ആശയം മനസ്സിലാക്കാമെന്നായി. എന്നു മാത്രമല്ല, ഒരു ഗ്രന്ഥകാരൻ എന്തെങ്കിലും കാര്യം വിശദമാക്കാൻ വേണ്ടി വാദങ്ങൾ ഉന്നയിക്കുമ്പോൾ, അയാൾക്കു തന്റെ കാര്യം സുഗ്രഹമാക്കാൻ നാലോ അഞ്ചോ കൂടുതലോ പേജുകൾ വേണ്ടിവന്നിരുന്ന ദിക്കിൽ, ആദ്യത്തെ ഏതാനും വരികൾ മാത്രം വായിച്ചാൽ എനിക്ക്

അയാളുടെ വാദഗതി മുഴുവൻ മനസ്സിലാക്കാൻ സാധിച്ചിരുന്നു." (സിദ്ധിനാഥാനന്ദസ്വാമി, *ശ്രീമദ്‌വിവേകാനന്ദസ്വാമികൾ*, ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, തൃശ്ശൂർ, പേജ് 26). "പദാനുപദം ഒരു പുസ്തകവും ഞാൻ വയിക്കാറില്ല. ഓരോ വാചകമായിട്ട്, ചിലപ്പോൾ ഓരോ ഖണ്ഡികയായിട്ട്, ഒരുമാതിരി ചലച്ചിത്രമെന്നപോലെയാണ് ഞാൻ വായിക്കുന്നത്" (*അവിടെത്തന്നെ*, പേജ് 38) എന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ഈ ശീലം വിദ്യാർഥിജീവിതകാലത്തുതന്നെ അദ്ദേഹം വളർത്തിയെടുത്തിരിക്കണം.

തന്റെ വസതിയിൽ വന്നും പോയുമിരുന്ന മഹർഷി ദേവേന്ദ്രനാഥ് ടാഗോർ, മഹാകവി ഈശ്വരചന്ദ്രഗുപ്ത, ബേത്തൂൺ സൊസൈറ്റിയിലെ പ്രമുഖാംഗവും ഒരു കാലത്ത് ദേവേന്ദ്രനാഥിന്റെ ശിഷ്യനുമായിരുന്ന ഗോപാൽ ചന്ദ്ര, ബ്രഹ്മസമാജപ്രവർത്തകനും തന്റെ അമ്മാമനുമായ താരക് നാഥ് മുതലായവരെയെല്ലാം കുട്ടിക്കാലത്തുതന്നെ കാണാനുള്ള ഭാഗ്യം നരേന്ദ്രനുണ്ടായിരുന്നു. യുവത്വത്തിലേക്ക് കാൽ കുത്തിയപ്പോഴാകട്ടെ, ആ വിജ്ഞാനദാഹിക്ക് കേശവചന്ദ്രസെൻ, പണ്ഡിറ്റ് ശിവനാഥശാസ്ത്രി എന്നീ ബ്രഹ്മസമാജനേതാക്കളെ അടുത്തു പരിചയപ്പെടാനും അവരുമായി സൗഹൃദം സ്ഥാപിക്കാനും കഴിഞ്ഞു. സമൂഹത്തിന്റെ പ്രശ്നങ്ങൾ ബ്രഹ്മസമാജപ്രവർത്തകരെയെന്നപോലെ, നരേന്ദ്രനെയും അപ്പോഴേക്കും അലട്ടിത്തുടങ്ങിയിരുന്നു. ജാതീയമായ ഉച്ചനീചത്വങ്ങൾ കുഞ്ഞുന്നാളിലേ അദ്ദേഹത്തെ വേദനിപ്പിച്ചിരുന്നു. അച്ഛൻ കക്ഷികളായ വിവിധജാതിക്കാർ വീട്ടിൽ വരുമ്പോൾ ഓരോ ജാതിക്കാർക്കും പുക വലിക്കാൻ പ്രത്യേകം പ്രത്യേകം പുകക്കുഴൽ തയ്യാറാക്കിവെച്ചിരുന്നു. നരേന്ദ്രൻ ഓരോ പുകക്കുഴലുമെടുത്ത് പ്രത്യേകം വലിച്ചുനോക്കി. മുസ്ലീം പുകക്കുഴലും വലിച്ചു. വിശേഷിച്ചൊന്നും സംഭവിച്ചില്ല. ഇതിനു ശകാരം കിട്ടി. അപ്പോൾ കുട്ടിയുടെ മറുപടി: "തമ്മിലെന്താ വ്യത്യാസമെന്ന് എനിക്കു മനസ്സിലാകുന്നില്ല." (സിദ്ധിനാഥാനന്ദസ്വാമി, പേജ് 16). ജാതിവ്യത്യാസത്തെ എതിർക്കുന്ന ബ്രഹ്മസമാജം നരേന്ദ്രനെ അങ്ങേയറ്റം ആകർഷിച്ചു. ബഹുദൈവവിശ്വാസം, വിഗ്രഹാരാധന മുതലായ മറ്റന്ധവിശ്വാസാനാചാരങ്ങൾക്കെതിരായും സമരം നടത്തുന്ന ബ്രഹ്മസമാജം തന്റെ സ്വന്തമാണെന്ന് അദ്ദേഹത്തിന് സ്വാഭാവികമായും തോന്നി. 1878–ൽ ബ്രഹ്മസമാജത്തിൽ പിളർപ്പുണ്ടായപ്പോൾ കേശവചന്ദ്രസെന്നിന്നെതിരായി പണ്ഡിറ്റ് ശിവനാഥ് ശാസ്ത്രിയും വിജയകൃഷ്ണഗോസ്വാമിയും നേതൃത്വം കൊടുത്തുകൊണ്ട് രൂപവത്കരിച്ച സാധാരണ ബ്രഹ്മസമാജത്തിൽ നരേന്ദ്രൻ അംഗത്വമെടുത്തു. മുൻപേതന്നെ ബ്രഹ്മസഭയിൽ അദ്ദേഹം ഗാനമാലപിക്കാറുണ്ടായിരുന്നു. "രാമകൃഷ്ണനില്ലായിരുന്നെങ്കിൽ ഞാനൊരു ബ്രഹ്മസമാജപ്രചാരകനായി മാറിയേനേ" എന്നു പിൽക്കാലത്ത് വിവേകാനന്ദൻ തന്നോടു പറഞ്ഞിട്ടുണ്ടെന്ന് ഹരമോഹൻ മിത്ര ഭൂപേന്ദ്രനാഥിനോട് പറയുമായിരുന്നു.



നരേന്ദ്രൻ ജനറൽ അസംബ്ലി കോളേജിൽ വിദ്യാർഥിയായിരിക്കെയാണ് രാമകൃഷ്ണപരമഹംസനെ കണ്ടത്. 1881 നവമ്പറിലാണത്. അതിനിടയാക്കിയ സംഭവമിതാണ്: "വേഡ്സ്‌വർത്തിന്റെ ഒരു കവിതയിലെ 'ആനന്ദാനുഭൂതി' എന്ന പദത്തിന്റെ അർഥം അതു പഠിപ്പിക്കുന്ന യൂറോപ്യൻ പ്രൊഫസർ എത്ര വിവരിച്ചിട്ടും വിദ്യാർഥികൾക്കു മനസ്സിലായില്ല. അപ്പോഴാണ് പ്രിൻസിപ്പലായ പ്രൊഫ. ഹേസ്റ്റി ക്ലാസ്സുമുറിയിലേക്കു കടന്നുവന്നത്. അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ പ്രൊഫസർ പറയുന്നു, കുട്ടികൾക്കൊന്നുമറിയില്ല; വേഡ്സ്‌വർത്തിനെയും അദ്ദേഹത്തിന്റെ ആനന്ദാനുഭൂതിയെയും മനസ്സിലാക്കാൻ അവർക്കു കഴിയുന്നില്ല' എന്നൊക്കെ. ഒരുപക്ഷേ അദ്ദേഹത്തിനുതന്നെ കവിയെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല. പ്രകൃതിസൗന്ദര്യത്താൽ ഏകാഗ്രചിത്തനായിരിക്കുമ്പോൾ വേഡ്സ്‌വർത്തിന് ആനന്ദാനുഭൂതിയുടേതായ ഒരവസ്ഥാവിശേഷം സംജാതമായിരുന്നു." തുടർന്ന് വേഡ്സ്‌വർത്ത് പരാമർശിച്ചതുപോലുള്ള ഒരുതരം ആനന്ദാനുഭൂതിയിലൂടെ പലപ്പോഴും അനുഗൃഹീതാവസ്ഥയിലെത്തിച്ചേർന്ന ഒരാൾ ദക്ഷിണേശ്വരത്തുണ്ടെന്നു പറഞ്ഞുകൊണ്ടാണ് അദ്ദേഹം സംഭാഷണം അവസാനിപ്പിച്ചത്. "നിങ്ങൾ പോയി അദ്ദേഹത്തെ കാണൂ." ഹേസ്റ്റി അവരോട് നിർദേശിച്ചു. ക്ലാസ്സിലെ വിദ്യാർഥികൾ ആദ്യമായി രാമകൃഷ്ണനെപ്പറ്റി കേൾക്കുന്നത് അപ്പോഴാണ്.

രാമകൃഷ്ണനെ ആദ്യമായി പരമഹംസനെന്നു വിളിച്ചത് കേശവചന്ദ്രനാണെന്നു പറയപ്പെടുന്നു. അദ്ദേഹത്തിന്റെ യഥാർഥനാമധേയം ഗദാധരചതോപാധ്യായ എന്നാണ്. രാമകൃഷ്ണനെന്ന പേര് നൽകിയത് അദ്വൈതാചാര്യനാകുന്നു. ഔപചാരികവിദ്യാഭ്യാസമൊന്നും നേടാൻ അവസരം കിട്ടാതിരുന്ന രാമകൃഷ്ണൻ ദക്ഷിണേശ്വരം ക്ഷേത്രത്തിലെ ശാന്തിക്കാരനായാണ് ജനങ്ങൾക്കിടയിൽ അറിയപ്പെട്ടത്. ശാന്തനും സ്വതന്ത്രനുമായ രാമകൃഷ്ണൻ, സ്വാർഥതാല്പര്യങ്ങളും ആശയക്കുഴപ്പമുണ്ടാക്കുന്ന വ്യത്യസ്തവിശ്വാസങ്ങളും പ്രാദേശികദുരഭിമാനവും കൊണ്ട് അന്ധമായ നമ്മുടെ ഈ ലോകത്തിന് ഒരു സാർവദേശീയമതത്തിന്റെ സന്ദേശം നൽകി. ദിവ്യപ്രചോദനവും ആധ്യാത്മികശാന്തിയും ആഗ്രഹിക്കുന്ന ഹൃദയങ്ങളെ, അദ്ദേഹത്തിൽനിന്നു നിർഗളിച്ച സത്യത്തിന്റെയും സ്നേഹത്തിന്റെയും സുവിശേഷങ്ങൾ അതിയായി ആശ്വസിപ്പിച്ചു.

തന്നെ വന്നു കാണുന്നവരോടു മുഴുവൻ കൂപ്പുകൈയോടെ നമസ്കാരം പറയുന്ന പരമഹംസന്റെ സുജനമര്യാദ ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. അദ്ദേഹം സ്ത്രീകളിൽ അമ്മയുടെ രൂപം ദർശിക്കുകയും അവരെ ജാതിമതപ്രദേശപരിഗണനകളൊന്നുമില്ലാതെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

ഒരിക്കൽ പണ്ഡിറ്റ് ശിവനാഥശാസ്ത്രി ഒരു ക്രിസ്ത്യൻ സുഹൃത്തോടൊപ്പം രാമകൃഷ്ണനെ സന്ദർശിക്കുകയും സുഹൃത്തിനെ അദ്ദേഹത്തിനു പരിചയപ്പെടുത്തുകയും ചെയ്തു. ഉടനെ അദ്ദേഹം തന്റെ നെറ്റി നിലത്തു മുട്ടിച്ച് "ഞാൻ വീണ്ടും വീണ്ടും യേശുവിന്റെ പാദങ്ങളിൽ വണങ്ങുന്നു" എന്നു പറഞ്ഞു. "എന്ത്? അങ്ങ് യേശുവിന്റെ പാദങ്ങളിൽ വണങ്ങുന്നുവെന്നോ? അങ്ങ് എന്താണ് അദ്ദേഹത്തെപ്പറ്റി വിചാരിക്കുന്നത്?" അമ്പരപ്പോടെ സുഹൃത്ത് ചോദിച്ചു. പരമഹംസന്റെ മറുപടി: "ഈശ്വരാവതാരമായിട്ടാണ് ഞാനദ്ദേഹത്തെ കാണുന്നത്."

എല്ലാ മതങ്ങളും തുല്യമാണെന്നും സത്യമാണെന്നുമുള്ള സാർവദേശീയമതസങ്കല്പം ഇപ്രകാരം വെളിപ്പെടുത്തിയ രാമകൃഷ്ണൻ നരേന്ദ്രനെപ്പോലുള്ളൊരു മനുഷ്യസ്നേഹിയെ ആദ്യദർശനത്തിൽത്തന്നെ എന്തെന്നില്ലാതെ ആകർഷിച്ചതിൽ അസാധാരണമായൊന്നുമില്ല. ഈ സ്വഭാവവിശേഷംകൊണ്ടുതന്നെ രാമകൃഷ്ണന് എല്ലാ മതങ്ങളിലും പെട്ട ശിഷ്യരുണ്ടായിരുന്നു. എല്ലാ മതങ്ങളിൽനിന്നും ആശയങ്ങൾ ഉൾക്കൊള്ളുന്നതിന് അദ്ദേഹം മടിച്ചിരുന്നില്ല. *ശ്രീരാമകൃഷ്ണവചനാമൃതം* ഇതിനു തെളിവു തരും.

നരേന്ദ്രന്റെ സ്വഭാവരൂപവത്കരണത്തിൽ പ്രവർത്തിച്ച പ്രേരകഘടകങ്ങളിൽ കുടുംബപശ്ചാത്തലവും നവോത്ഥാന–സാമൂഹ്യപരിഷ്കരണസാഹചര്യങ്ങളും കഴിഞ്ഞാൽപിന്നെ വരുന്നത് മുഖ്യമായും ശ്രീരാമകൃഷ്ണപരമഹംസൻ നൽകിയ ശിക്ഷണവും മാർഗദർശനവുമത്രേ.

രാമകൃഷ്ണനെ കണ്ടതുമുതൽക്ക് നരേന്ദ്രന് അദ്ദേഹത്തോട് വല്ലാത്ത ആകർഷണമായി. സാധാരണമായ ഒരു ഗുരുശിഷ്യബന്ധമായിരുന്നില്ല അവർ തമ്മിൽ. എന്തും പറയാം, എത്ര ശക്തമായും ഏതു വിഷയത്തെക്കുറിച്ചും വാദിക്കാം. തനാഗ്രഹിച്ച ഒരന്തരീക്ഷമായിരുന്നു അതെന്ന് നരേന്ദ്രനു മനസ്സിലായി. "സത്യസന്ധനായ ഒരു നാസ്തികനാവാൻകൂടി തയ്യാറായിരുന്ന" (സിദ്ധിനാഥാനന്ദസ്വാമി, പേജ് 84) വിദ്യാർഥിയായിരുന്നു അദ്ദേഹമെന്നോർക്കുമ്പോൾ ഈ സ്വതന്ത്രാന്തരീക്ഷം അദ്ദേഹത്തിന് എത്രയേറെ ഹൃദ്യമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.



നരേന്ദ്രൻ പിൽക്കാലത്തു പറഞ്ഞ വാക്കുകൾ ഇവിടെ നമുക്ക് ഓർക്കാം: "ശ്രീരാമകൃഷ്ണൻ മാത്രമേ എന്നെ കണ്ടതു മുതൽ എന്നും ഒരുപോലെ എന്നിൽ വിശ്വസിച്ചിരുന്നുള്ളൂ. എന്റെ അമ്മയും അനുജന്മാരും കൂടി അങ്ങനെ ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ അചഞ്ചലമായ വിശ്വാസവും സ്നേഹവുമാണ് എന്നെ എന്നെന്നേക്കുമായി അദ്ദേഹത്തോടു ബന്ധിച്ചത്. വേറൊരാളെ എങ്ങനെയാണ് സ്നേഹിക്കുകയെന്നത് അദ്ദേഹത്തിനു മാത്രമേ അറിയാമായിരുന്നുള്ളൂ. ലൗകികജനങ്ങൾ സ്വാർഥലാഭത്തിനുവേണ്ടി സ്നേഹം ഭാവിക്കുക മാത്രമേ ചെയ്യുന്നുള്ളൂ."

എങ്ങനെ താൻ രാമകൃഷ്ണനിൽനിന്നു പ്രചോദനമുൾക്കൊണ്ടു എന്നു നരേന്ദ്രൻ വ്യക്തമാക്കിയിട്ടുണ്ട്. നോക്കുക: "ശ്രീരാമകൃഷ്ണന്റെ ഈ ആവേശവാണികളിൽനിന്നും താപസന്മാർ സമുദായത്തിനു പുറത്ത് ഏകാന്തതയിൽ അനുശീലിച്ചിരുന്ന വേദാന്താദർശം നാട്ടിലും വീട്ടിലും അഭ്യസിക്കാമെന്നും നമ്മുടെ ദൈനന്ദിനജീവിതത്തിലെ ഓരോ കൃത്യത്തിലും അത് പ്രായോഗികമാക്കാമെന്നും എനിക്കു മനസ്സിലായി. ഒരുവന്റെ ജീവിതവൃത്തി എന്തുമായിക്കൊള്ളട്ടെ, ഈശ്വരൻതന്നെയാണ് ഈ ജഗത്തായും അതിലെ ജീവജാലങ്ങളായും രൂപമെടുത്തിട്ടുള്ളതെന്ന് അവൻ ഗ്രഹിക്കുകയും ദർശിക്കുകയും ചെയ്യട്ടെ. ഈശ്വരൻ സർവാന്തര്യാമിയും സർവാതിശായിയുമാകുന്നു. വിവിധജീവജാലങ്ങളായും നമ്മുടെ പ്രേമാദരപ്രീതിപാത്രങ്ങളായും വിളങ്ങുന്നത് ആ പരംപൊരുൾതന്നെ. അതേസമയം ആ സർവേശ്വരൻ ഇവയ്ക്കെല്ലാം അതീതനുമാകുന്നു. ഇപ്രകാരം നരനിൽ നാരായണനെ ദർശിച്ചാൽ ദർപ്പത്തിനു സ്ഥാനമെവിടെ? ഈ ദർശനം സാധിച്ചാൽ ഒരുവന് മറ്റൊരുവനോട് അസൂയയോ അനുകമ്പയോ ഉണ്ടാവില്ല. ജീവനെ ശിവനായി കണ്ട് സേവിച്ചാൽ തദ്വാരാ ഹൃദയം സംശുദ്ധമാകുന്നു. ആ സാധകൻ വിളംബംവിനാ താൻ ആ സച്ചിദാനന്ദസ്വരൂപത്തിന്റെ അംശമാണെന്ന വസ്തുതയാൽ ദൃഢബോധനാവുകയും ചെയ്യുന്നു." (പേജ് 124)

ഒരുവന്റെ സകലപ്രവൃത്തികളും ഈശ്വരന്റെ പ്രത്യക്ഷമൂർത്തിയായ മനുഷ്യന്റെ സേവനത്തിനായി വിനിയോഗിക്കണമെന്നും ഇതവന്റെ ലക്ഷ്യത്തിലേക്കുള്ള പുരോഗതിയെ ത്വരിതപ്പെടുത്തുമെന്നും രാമകൃഷ്ണന്റെ സാമീപ്യസമ്പർക്കോപദേശങ്ങളിൽനിന്ന് നരേന്ദ്രൻ മനസ്സിലാക്കി. അദ്ദേഹം പ്രതിജ്ഞ ചെയ്തു: "ഈശ്വരൻ കനിഞ്ഞാൽ, ഈ മഹനീയസത്യം ലോകസമക്ഷം ഞാൻ വിളംബരം ചെയ്യുന്ന നാൾ വേഗം വന്നുചേരും. ഞാനിത് പണ്ഡിതന്റെയും പാമരന്റെയും സമ്പന്നന്റെയും നിർധനന്റെയും അന്തണന്റെയും അന്ത്യജന്റെയും പൊതു

മുതലാക്കിത്തീർക്കും." (പേജ് 125)

1885 മധ്യത്തോടുകൂടി രാമകൃഷ്ണന് കണ്ഠരോഗം പിടിപെട്ടു. അർബുദത്തിന്റെ തുടക്കമായിരുന്നു അത്. പ്രസ്തുതരോഗം മൂർഛിച്ച് 1886 ആഗസ്ത് 16–ന് വെളുപ്പിന് ഒരു മണിക്ക് ആ മഹാത്മാവിന്റെ ജീവൻ അപഹരിച്ചു. അങ്ങനെ തന്റെ എല്ലാമായ ആചാര്യവര്യൻ മഹാസമാധിയായതോടുകൂടി നരേന്ദ്രൻ മേൽപറഞ്ഞ ദൗത്യം നിറവേറ്റാനുള്ള പ്രായോഗികമാർഗങ്ങൾ അന്വേഷിക്കുകയായി.

രാമകൃഷ്ണപരമഹംസന്റെ സമാധിക്കുശേഷം അധികം കഴിയുന്നതിനുമുൻപ് നരേന്ദ്രനും മറ്റു രാമകൃഷ്ണശിഷ്യരും കൂടി വരാഹനഗരമഠത്തിലേക്കു മാറിത്താമസിക്കുകയും ശ്രീരാമകൃഷ്ണ സംഘം എന്ന പേരിൽ പ്രവർത്തിക്കുകയും ചെയ്തു. കാഷായവേഷധാരികളായ സന്ന്യാസിമാരായി അവർ പൊതുജനസമക്ഷം പ്രത്യക്ഷപ്പെട്ടു.

★

## 2. ആദ്യത്തെ ഭാരതപര്യടനത്തിന്റെ തുടക്കം

ഏകദേശം 1887 മുതൽ 1893 വരെയാണ് സ്വാമി വിവേകാനന്ദന്റെ ആദ്യത്തെ ഭാരതപര്യടനം. കാശി, അയോധ്യ, ആഗ്ര, ബാംഗളൂർ, വൃന്ദാവനം എന്നു തുടങ്ങി പോണ്ടിച്ചേരി, മദ്രാസ്, ഹൈദരബാദ് വരെ ഇന്ത്യയിലെ ഒട്ടെല്ലാ നഗരങ്ങളിലും സ്വാമിജി ചെന്നെത്തുകയും ചിലേടങ്ങളിൽ മാസങ്ങളോളം താമസിക്കുകയും ഗ്രാമഗ്രാമാന്തരങ്ങളിൽ അലഞ്ഞുനടക്കുകയും ചെയ്തു. ബാംഗളൂരിൽ ശ്രീനാരായണഗുരുവിനു പ്രിയപ്പെട്ട ഡോ. പി. പൽപ്പുവുമായുണ്ടായ കൂടിക്കാഴ്ച്ചയിൽ അദ്ദേഹത്തിന്റെ നിർദേശമനുസരിച്ചാണ് വിവേകാനന്ദൻ കേരളം സന്ദർശിക്കാമെന്നു നിശ്ചയിച്ചത്.

1892 ഒക്ടോബർ 18–ാം തിയ്യതി മുതൽ ഒൻപതു ദിവസം വിവേകാനന്ദൻ ബെൽഗാമിൽ താമസിച്ചിരുന്നു. അവിടത്തെ സബ്ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബാബു ഹരിപദമിത്രയുടെ അതിഥിയായിരുന്നു അപ്പോൾ സ്വാമിജി.

ആതിഥേയന്റെ മകൻ പ്രൊഫ. ജി. എസ്. ഭാട്ടേ വിവേകാനന്ദനെക്കുറിച്ചുള്ള ചില സ്മരണകൾ അയവിറക്കുന്നുണ്ട്:

"സാധാരണക്കാരിൽനിന്നു വ്യത്യസ്തമായ ആകൃതിവിശേഷം സ്വാമിജിയുടെ ആകർഷകതയായിരുന്നു. വന്നതു മുതൽ ഓരോരോ ചെറിയ സംഭവങ്ങൾ അദ്ദേഹവുമായി ബന്ധപ്പെട്ട് ഉണ്ടായിക്കൊണ്ടിരുന്നു. സാധാരണ സ്വാമിമാരുടെ വേഷംതന്നെയാണ് അദ്ദേഹത്തിന്റേതെങ്കിലും മറ്റു സന്ന്യാസിമാരിൽനിന്നു വ്യത്യസ്തമാണ് അദ്ദേഹത്തിന്റെ വസ്ത്രധാരണരീതി. സ്വാമിജി ഒരു ബനിയനിട്ടിരുന്നു. ദണ്ഡിനു പകരം ഒരു നീണ്ട വടിയാണ് അദ്ദേഹം കൊണ്ടുനടന്നിരുന്നത്. ജലപാത്രവും ഒരു ചെറിയ *ഗീത*യും മറ്റ് ഒന്നുരണ്ടു പുസ്തകങ്ങളും കൈയിലുണ്ടായിരുന്നു. സംഭാഷണത്തിന് ഇംഗ്ലീഷുപയോഗിക്കുക, ദേഹം തുറന്നു കാട്ടാതെ ബനിയൻ ധരിക്കുക, പ്രതിഭാവൈഭവത്തിന്റെയും വിജ്ഞാനസമ്പത്തിന്റെയും ഉടമയായിരിക്കുക – ഇങ്ങനെയൊക്കെയുള്ള ഒരു സന്ന്യാസി തന്നിൽ അത്ഭുതമുളവാക്കി. ഊണിനുശേഷം മുറുക്കാൻ ചോദിച്ചതും പിറ്റേന്നാൾ കുറച്ചു പുകയില ആവശ്യപ്പെട്ടതും ഒരു സന്ന്യാസിയെ സംബന്ധിച്ചിടത്തോളം അസാധാരണമായിരുന്നു."

വിവേകാനന്ദൻതന്നെ, താൻ ബ്രാഹ്മണനല്ലെങ്കിലും സന്ന്യാസിയാണെന്നും, പക്ഷേ, ലൗകികർ മാത്രമുപയോഗിക്കുമെന്നു കരുതപ്പെടുന്ന സാധനങ്ങൾ ഉപയോഗിക്കാറുണ്ടെന്നും പറഞ്ഞതായി പ്രൊഫ. ഭാട്ടേ സാക്ഷ്യപ്പെടുത്തുന്നു.

1892 ജൂലായ് അവസാനത്തെ ആഴ്ച്ചയോടുകൂടി വിവേകാനന്ദൻ ബോംബെയിലെത്തി. പെൺകുട്ടികളുടെ വിവാഹപ്രായം ഉയർത്തുന്നതിനുള്ള ഒരു ബില്ല് പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട് അവിടത്തെ ഒരു രാഷ്ട്രീയക്കാരനെ കാണാൻ പോയി. അപ്പോൾ, ബില്ലിനെ ബംഗാളിലെ അഭ്യസ്തവിദ്യരായ ആളുകൾ എതിർക്കുന്ന വിവരം പത്രത്തിൽ വായിച്ച് ലജ്ജ പൂണ്ട സ്വാമിജി ശൈശവവിവാഹമെന്ന ആ ദുഷിച്ച ഏർപ്പാടിനെ രൂക്ഷമായി വിമർശിച്ചു. സന്യാസിയായിരിക്കുമ്പോഴും ഇത്തരം സാമൂഹ്യ–രാഷ്ട്രീയകാര്യങ്ങളിൽ വിവേകാനന്ദൻ സജീവം ഇടപെട്ടിരുന്നുവെന്നതിന് തെളിവാണിത്.

തന്റെ ലൗകികവിഷയങ്ങളിലുള്ള താല്പര്യം കണ്ട് അത്ഭുതപ്പെട്ട ആളുകളോട് വിവേകാനന്ദൻ ഇപ്രകാരം പറഞ്ഞതായി പ്രൊഫ. ഭാട്ടേ അനുസ്മരിക്കുന്നു: കൽക്കത്താ സർവകലാശാലയിലെ ഒരു ബിരുദധാരിയായ താൻ ഉല്ലാസപ്രിയനായ ഒരു യുവാവായിരുന്നുവെന്നും ശ്രീരാമകൃഷ്ണപരമഹംസന്റെ ഉപദേശത്തിനുശേഷമാണ് തനിക്കു മാറ്റം വന്നതെന്നും എന്നാൽ ചിലതൊന്നും മാറ്റാൻ പറ്റിയില്ലെന്നും അതുകൊണ്ടു ദോഷമൊന്നുമില്ലെന്നുമായിരുന്നു വിവേകാനന്ദന്റെ വിശദീകരണം. സസ്യഭുക്കാണോ എന്ന ചോദ്യത്തിന് പരമഹംസസമ്പ്രദായത്തിൽപെട്ട ഒരുവന് അത്തരം നിർബന്ധബുദ്ധികളൊന്നും പാടില്ലെന്നായിരുന്നു മറുപടി. മാത്രമല്ല, അവന് ജാതിമതവ്യത്യാസമില്ല. അഹിന്ദുക്കളുടെ അടുത്തുനിന്നും ഭിക്ഷ സ്വീകരിക്കും. താൻ മഹമ്മദീയരിൽനിന്നു പലപ്പോഴും ആഹാരം സ്വീകരിച്ചിട്ടുണ്ടെന്നും സ്വാമിജി വെളിപ്പെടുത്തി. “കുടുംബവും വിദ്യാഭ്യാസവും” എന്ന അധ്യായത്തിൽ ഇതു വിവരിച്ചിട്ടുണ്ട്.

സ്വാമിജി മൈസൂർ മഹാരാജാവിന്റെ കൊട്ടാരത്തിൽ താമസിക്കുന്ന കാലത്ത് അവിടെനിന്നു പിരിയേണ്ട സമയമായപ്പോൾ അദ്ദേഹം മഹാരാജാവിൽനിന്ന് വില പിടിച്ച സമ്മാനങ്ങൾ സ്വീകരിക്കണമെന്ന് ദിവാൻ അഭ്യർഥിച്ചപ്പോൾ, “എനിക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് ഉദ്ദേശമുണ്ടെങ്കിൽ സദയം തൃശ്ശൂർക്ക് ഒരു ടിക്കറ്റ് മേടിച്ചുതന്നേക്കൂ. ഞാൻ രാമേശ്വരത്തേക്കു പോവുകയാണെന്ന് അറിയാമല്ലോ” എന്നു പറഞ്ഞു. കൂടുതലൊന്നും ചെയ്യാൻ സ്വാമിജി സമ്മതിക്കുകയില്ലെന്നു തീർച്ചയായപ്പോൾ ദിവാൻ ഒരു രണ്ടാം ക്ലാസ് ടിക്കറ്റും കൊച്ചിയിൽ അന്ന് ആക്റ്റിങ് ദിവാനായിരുന്ന ശങ്കരയ്യയ്ക്ക് ഒരു പരിചായകക്കത്തും കൊടുത്തു.

★

### 3. സുന്ദരരാമയ്യരുടെ അതിഥി

വളരെ കുറച്ചു ദിവസമേ വിവേകാനന്ദൻ തൃശ്ശൂരിൽ താമസിച്ചുള്ളൂ. കുമാരനാശാന്റെ പത്രാധിപത്യത്തിൽ കുറച്ചുകാലം പുറത്തിറങ്ങിയ *വിവേകോദയം* മാസികയുടെ പേരുതന്നെ സ്വാമി വിവേകാനന്ദന്റെ കേരളസന്ദർശനത്തിന്റെ സ്മാരകമായിട്ടല്ലേ എന്നു സംശയിക്കുന്നു. വിവേകാനന്ദന്റെ തൃശ്ശൂർ സന്ദർശനവേളയിൽ സംസ്കൃതത്തിൽ ഒരു കവിതയെഴുതി സ്വാമിജിക്കു സമർപ്പിക്കുകയും ചെയ്തു. കവിതയുടെ പൂർണരൂപമിതാണ്:

തൃശ്ശൂരിൽനിന്ന് കേരളത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരിയിലേക്ക് യാത്ര തിരിച്ചു. അന്ന് അത് കേരളത്തിന്റെയും ഭാരതത്തിന്റെയും തെക്കേ അറ്റമായിരുന്നു. ഇപ്പോൾ കന്യാകുമാരി തമിഴ്നാടിന്റെ ഭാഗമാണ്.

തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ കേരളത്തിന്റെ പ്രകൃതിരാമണീയകം അദ്ദേഹത്തെ അതീവ ആകർഷിച്ചു. അന്ന് തിരുവിതാങ്കൂറിന്റെ (ഇന്ന് കേരളത്തിന്റെയും) തലസ്ഥാനമായ തിരുവനന്തപുരത്ത് അദ്ദേഹം പ്രൊഫ. സുന്ദരരാമയ്യരുടെ അതിഥിയായാണ് താമസിച്ചത്. തിരുവിതാങ്കൂർ മഹാരാജാവിന്റെ അനന്തരവനായ യുവരാജാവിന്റെ ട്യൂട്ടറായിരുന്നു സുന്ദരരാമയ്യർ. അന്ന് തിരുവനന്തപുരം രാജകീയകലാലയത്തിൽ രസതന്ത്രം പ്രൊഫസറായിരുന്ന മദ്രാസിലെ പ്രശസ്തപണ്ഡിതനായ രംഗാചാര്യരെയും സ്വാമിജി സന്ദർശിക്കുകയുണ്ടായി.

ഇംഗ്ലീഷിലും സംസ്കൃതത്തിലും ഈ രണ്ടു പണ്ഡിതന്മാരും സ്വാമി വിവേകാനന്ദനുമായി നിരന്തരചർച്ചകളിൽ ഏർപ്പെട്ടു. അവർക്ക് അവ ഏറെ പ്രയോജനപ്പെട്ടു. സ്വാമിജിയുടെ സമസ്തവിഷയങ്ങളിലുമുള്ള അപാരമായ അവഗാഹവും ഒരേ സമയം പലരോട് പല വിഷയങ്ങളെപ്പറ്റിയുള്ള ചോദ്യങ്ങൾക്ക് സമാധാനം പറയാനുള്ള കഴിവും സവിശേഷം ശ്രദ്ധേയമാണെന്ന് എസ്. കെ. നായരെപ്പോലുള്ളവർ പറഞ്ഞിട്ടുണ്ട്. എന്നിട്ട് അദ്ദേഹം ഉദാഹരിക്കുന്നു: "സ്പെൻസറെക്കുറിച്ചായിരിക്കാം സംസാരിക്കുന്നത്, ഷേക്സ്പിയറുടെയോ കാളിദാസന്റെയോ ഏതെങ്കിലും ആശയമായിരിക്കാം ചർച്ചാവിഷയം, ഡാർവിന്റെ പരിണാമസിദ്ധാന്തമോ യഹൂദചരിത്രമോ ആവാം ആലോചനയ്ക്കെടുത്തിരിക്കുന്നത്, ആര്യസംസ്കാരത്തിന്റെ വികാസമായിരിക്കാം ചിന്താവിഷയം, വേദാന്തമോ ഇസ്ലാം മതമോ ക്രിസ്തുമതമോ ആയെന്നുവരാം ചർച്ച ചെയ്യപ്പെടുന്നത്, വിഷയമെന്തായാലും ഏതു ചോദ്യത്തിനും അനുരൂപമായ ഒരുത്തരവും കൊണ്ട് സ്വാമി തയ്യാറുണ്ട്. ഉദാത്തതയും സരളതയും അദ്ദേഹത്തിന്റെ മുഖത്ത് തെളിഞ്ഞുവിളങ്ങിയിരുന്നു. പരിശുദ്ധഹൃദയം, പവിത്രവും നിയമിതവുമായ ജീവിതം, തുറന്ന മനസ്സ്, ഉദാരാശയം, വിശാലവീക്ഷണം, സഹാനുഭൂതി എന്നിവ സ്വാമിയുടെ സ്വഭാവവിശേഷങ്ങളായിരുന്നു."

ഇന്ത്യൻജനതയെ പൊതുവെ പരിഷ്കരിക്കേണ്ടതിനെക്കുറിച്ചും സാധാരണജനങ്ങളെ ഉദ്ധരിക്കേണ്ടതിനെക്കുറിച്ചും സുഹൃത്തുക്കളുമായുള്ള സംഭാഷണത്തിൽ വിവേകാനന്ദൻ



പ്രസ്താവിച്ചു. തിരുവനന്തപുരത്ത് തന്റെകൂടെ സ്വാമിജി ഒൻപതു ദിവസം താമസിച്ചതിനെക്കുറിച്ചുള്ള അനുഭവം സുന്ദരരാമയ്യർ അനുസ്മരിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നു: 'ഞാൻ വിവേകാനന്ദസ്വാമിയെ ആദ്യമായി കണ്ടത് 1892–ൽ തിരുവനന്തപുരത്തുവെച്ചാണ്. അദ്ദേഹത്തെക്കുറിച്ച് പലതും കാണാനും അറിയാനും ഉള്ള സൗഭാഗ്യം എനിക്കു ലഭിച്ചു. വഴി കാണിക്കാൻ ഒരു മഹമ്മദീയനെയും കൂട്ടിക്കൊണ്ടാണ് അദ്ദേഹം എന്റെ അടുത്തു വന്നത്. എന്റെ രണ്ടാമത്തെ മകൻ, പന്ത്രണ്ടു വയസ്സുള്ള ഒരു പയ്യൻ, അദ്ദേഹത്തെയും ഒരു മഹമ്മദീയനെന്നു കരുതി എന്നോട് അങ്ങനെ വന്നു പറയുകയും ചെയ്തു. അദ്ദേഹത്തിന്റെ വേഷം കണ്ടാൽ മകൻ അങ്ങനെ കരുതിയതിൽ അത്ഭുതമില്ല. തെന്നിന്ത്യയിലെ സാധാരണ സന്യാസിമാരുടെ മാതിരിയായിരുന്നില്ല അദ്ദേഹത്തിന്റെ വസ്ത്രധാരണം. വന്ന് ഏതാണ്ട് ആദ്യംതന്നെ ആവശ്യപ്പെട്ടത് തന്റെ അനുചരനായ മഹമ്മദീയന്റെ ആഹാരത്തിനുവേണ്ട ഏർപ്പാട് ചെയ്യാനാണ്. ഈ അനുചരൻ കൊച്ചി സർക്കാരിലെ ഒരു ശിപായിയാണ്. കൊച്ചി ദിവാന്റെ പ്രൈവറ്റ് സിക്രട്ടറി ഡബ്ളിയു. രാമയ്യയുടെ നിയോഗപ്രകാരമാണ് അയാൾ സ്വാമിയെ തിരുവനന്തപുരത്തേക്ക് അനുഗമിച്ചത്. കഴിഞ്ഞ രണ്ടുദിവസം അല്പം പാലല്ലാതെ മറ്റൊന്നും സ്വാമി കഴിച്ചിരുന്നില്ല. എന്നിട്ടും ഈ മഹമ്മദീയശിപായി ആഹാരം കഴിച്ചു യാത്രയായതിനുശേഷമേ സ്വന്തം ആവശ്യങ്ങളെക്കുറിച്ച് സ്വാമി ആലോചിക്കുക പോലും ചെയ്തുള്ളൂ. സ്വല്പനിമിഷത്തെ സംഭാഷണംകൊണ്ട് സ്വാമി മഹാപ്രഭാവനായ ഒരാളാണെന്ന് എനിക്കു മനസ്സിലായി. എന്താഹാരമാണ് കഴിക്കാറ് എന്നു ഞാൻ ചോദിച്ചപ്പോൾ 'നിങ്ങളുടെ സൗകര്യംപോലെ; സന്യാസിമാരായ ഞങ്ങൾക്ക് ഇന്നതു വേണം എന്ന നിർബന്ധമൊന്നുമില്ല' എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

സ്വാമിജി ഒരു ബംഗാളിയാണെന്നു മനസ്സിലായപ്പോൾ, സുന്ദരരാമയ്യർ ബംഗാൾ അനേകം മഹാപുരുഷന്മാർക്ക് ജന്മം കൊടുത്തിട്ടുണ്ടെന്നും അവരിൽ ഏറ്റവും പ്രമുഖൻ ബ്രഹ്മസമാജപ്രചാരകനായ കേശവചന്ദ്രസേനനാണെന്നും പറയുകയുണ്ടായി. അപ്പോഴാണ് വിവേകാനന്ദൻ ശ്രീരാമകൃഷ്ണനെക്കുറിച്ച് പറഞ്ഞതും അദ്ദേഹത്തിന്റെ ആധ്യാത്മികമഹത്വത്തെപ്പറ്റി അല്പം വിവരിച്ചതും. വിവേകാനന്ദനും ശ്രീരാമകൃഷ്ണനും തമ്മിലുള്ള ബന്ധത്തിന്റെ വിശദവിവരങ്ങൾ മുൻപ് വിവരിച്ചിട്ടുണ്ട്.

ശ്രീരാമകൃഷ്ണനുമായി താരതമ്യപ്പെടുത്തുമ്പോൾ കേശവ

ചന്ദ്രസേനൻ വെറുമൊരു ശിശുവാണെന്നു സ്വാമിജി പറഞ്ഞു. കേശവചന്ദ്രസേനൻ മാത്രമല്ല, ആ തലമുറയിലെ പ്രസിദ്ധരായ ബംഗാളികളിൽ പലരും ശ്രീരാമകൃഷ്ണന്റെ സ്വാധീനവലയത്തിൽ പെട്ടവരാണെന്നും അദ്ദേഹത്താൽ പ്രചോദിതനായി കേശവചന്ദ്രസേനൻ തന്റെ മതവീക്ഷണത്തിൽ പല നല്ല മാറ്റങ്ങളും വരുത്തിയെന്നും വിവേകാനന്ദൻ വ്യക്തമാക്കി.

സ്വാമിജി തുടർന്നു: "പല പാശ്ചാത്യരും ശ്രീരാമകൃഷ്ണപരമഹംസനുമായുള്ള സമാഗമം ആഗ്രഹിച്ചിരുന്നു. പലരും അദ്ദേഹത്തെ ഒരു ദിവ്യപുരുഷനായി കരുതി. ബംഗാളിലെ മുൻവിദ്യാഭ്യാസഡയരക്ടരായ സി. എച്ച്. ടാണി ശ്രീരാമകൃഷ്ണനെന്ന മഹാപുരുഷന്റെ സ്വഭാവമഹത്വത്തെയും ഹൃദയവിശാലതയെയും കുറിച്ച് ഒരു ലേഖനം എഴുതുകയുണ്ടായി."

★



### 3. തിരുവനന്തപുരം ക്ലബ്ബ്

സുന്ദരരാമയ്യർ അന്ന് കൊട്ടാരത്തിൽ പോവുകയുണ്ടായില്ല. കാരണം, വിവേകാനന്ദന്റെ സാന്നിധ്യവും ശബ്ദവും കണ്ണിന്റെ തിളക്കവും ആശയങ്ങളുടെ ഒഴുക്കും വാക്പ്രവാഹവും അദ്ദേഹത്തെ അത്രകണ്ട് വശീകരിച്ചിരുന്നു. യുവരാജാവായ മാർത്താണ്ഡവർമ അന്ന് അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ എം. എ. യ്ക്കു പഠിക്കുകയായിരുന്നു.

വൈകീട്ട് അദ്ദേഹവും വിവേകാനന്ദനുംകൂടി തിരുവനന്തപുരം കോളേജിലെ രസതന്ത്രം പ്രൊഫസർ രംഗാചാര്യരുടെ വീട്ടിൽ പോയി. രംഗാചാര്യർ അന്നുതന്നെ ദക്ഷിണേന്ത്യയിലെ പേരു കേട്ട പണ്ഡിതനും ശാസ്ത്രജ്ഞനുമായിരുന്നു. അദ്ദേഹം വീട്ടിലില്ലാത്തതിനാൽ അവരിരുവരും തിരുവനന്തപുരം ക്ലബ്ബിലേക്കു പോയി. അവിടെയുണ്ടായിരുന്ന പണ്ഡിതന്മാരെ സുന്ദരരാമയ്യർ സ്വാമിജിക്കു പരിചയപ്പെടുത്തിക്കൊടുത്തു. കുറച്ചു കഴിഞ്ഞ് അവിടെയെത്തിയ രംഗാചാര്യരെയും പരിചയപ്പെടുത്തി. അക്കൂട്ടത്തിൽ രണ്ടുപേരെ അദ്ദേഹം വ്യക്തമായി ഓർമിക്കുന്നു. ദിവാൻ പേഷ്കാരും തന്റെ സുഹൃത്ത് നാരായണമേനോനുമാണ് അവർ.

നാരായണമേനോൻ നേരത്തെ ക്ലബ്ബിൽനിന്നു പോകുമ്പോൾ ബ്രാഹ്മണനായ ദിവാൻ പേഷ്കാരെ അഭിവാദ്യം ചെയ്തിരുന്നു. യാഥാസ്ഥിതികബ്രാഹ്മണർ ശൂദ്രരെ പ്രത്യഭിവാദനം ചെയ്യുന്ന രീതിയിൽ ദിവാൻ പേഷ്കാർ മേനോന്റെ അഭിവാദനത്തിന് മറുപടി നൽകി. ഇടതുകൈ വലതുകൈയേക്കാൾ അല്പംകൂടി ഉയർത്തിക്കൊണ്ടായിരുന്നു അഭിവാദനം.

സുന്ദരരാമയ്യരും വിവേകാനന്ദനും ക്ലബ്ബിൽനിന്നു പിരിയുമ്പോൾ ദിവാൻ പേഷ്കാർ സ്വാമിജിയോട് നമസ്കാരം പറഞ്ഞു. ഹിന്ദുസന്യാസിമാരുടെ പതിവനുസരിച്ച് 'നാരായണ' എന്നു പറഞ്ഞ് സ്വാമിജി പ്രത്യഭിവാദനം ചെയ്തു. ദിവാൻ പേഷ്കാർക്ക് അത് പിടിച്ചില്ല. അങ്ങോട്ടു ചെയ്തമാതിരി തിരിച്ചുകിട്ടണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. സ്വാമിജിയുടെ ഉരുളയ്ക്കുപ്പേരി പോലുള്ള തിരിച്ചടി ഇപ്രകാരമായിരുന്നു: "നാരായണമേനോന്റെ അഭിവാദനം സ്വീകരിക്കുന്നതിൽ താങ്കൾക്കു താങ്കളുടെ പരമ്പരാഗതരീതി സ്വീകരിക്കാമെങ്കിൽ, താങ്കളുടെ അഭിവാദനം സ്വീകരിക്കുന്നതിൽ ഞാൻ സന്യാസിമാരുടെ പരമ്പരാഗതരീതി സ്വീകരിക്കുന്നതിൽ താങ്കൾക്കെന്തിനാണ് അലോക്യം തോന്നുന്നത്?"

സംഭവം നിസ്സാരമാണെങ്കിലും വിവേകാനന്ദന്റെ സ്വഭാവത്തിന്റെ ഒരു പ്രധാനവശം വ്യക്തമാക്കാൻ ഇതു സഹായകമാകുമെന്നതുകൊണ്ടാണ് ഇത് ചൂണ്ടിക്കാട്ടിയതെന്ന് സുന്ദരരാമയ്യർ വിശദീകരിക്കുന്നു. അതിതാണ്: ചുറ്റും നടക്കുന്നത് സൂക്ഷ്മമായി മനസ്സിലാക്കാനും തന്റെ ശാന്തമധുരമായ സ്വഭാവത്തിനൊപ്പം മനസ്ഥൈര്യവും പ്രതിയോഗിയെ ഉടനടി നിശ്ശബ്ദനാക്കത്തക്ക പ്രത്യാഖ്യാനനൈപുണിയും സ്വാമിജിയിൽ ഒത്തിണങ്ങിയിരുന്നു. വിവേകാനന്ദന്റെ തിരിച്ചടിക്ക് ഉദ്ദേശിച്ച ഫലമുണ്ടായി: അന്നത്തെ ആ അസുഖകരമായ സംഭവത്തിനു ക്ഷമായാചനം അറിയിച്ചുകൊണ്ട് പിറ്റേന്നാൾ ദിവാൻ പേഷ്കാരുടെ സഹോദരൻ അവരുടെ അടുക്കൽ വന്നു.

ചുരുക്കത്തിൽ, കുറച്ചു സമയമേ സ്വാമി വിവേകാനന്ദൻ ക്ലബ്ബിലുണ്ടായിരുന്നുള്ളുവെങ്കിലും അദ്ദേഹത്തിന്റെ സാന്നിധ്യം എല്ലാവരിലും മങ്ങാത്ത ഓർമയായി.

★



**4. മാർത്താണ്ഡവർമ ഇളയ രാജാവ്**

സുന്ദരരാമയ്യരിൽനിന്ന് സ്വാമി വിവേകാനന്ദനെപ്പറ്റി കേട്ട മാർത്താണ്ഡവർമ ഇളയ രാജാവ് അദ്ദേഹത്തെ കാണാൻ താല്പര്യം പ്രകടിപ്പിച്ചു. അതനുസരിച്ച് വിവേകാനന്ദൻ സുന്ദരരാമയ്യരോടൊപ്പം അദ്ദേഹത്തെ കാണാൻ പോയി. അവർതമ്മിൽ നടന്ന സംഭാഷണത്തിനും അദ്ദേഹം സാക്ഷ്യം വഹിച്ചു.

സംഭാഷണത്തിനിടയിൽ താൻ യാത്രയിൽ കണ്ട പല നാട്ടുരാജാക്കന്മാരെയും അവരുടെ ആസ്ഥാനസദസ്സുകളെയും കുറിച്ച് സ്വാമിജി പറഞ്ഞു. ഇളയ രാജാവിന് അതിൽ വലിയ താല്പര്യം തോന്നി. സ്വാമിജിയുടെ അഭിപ്രായത്തെക്കുറിച്ച് അദ്ദേഹം പലതും ചോദിച്ചു.

താൻ കണ്ടതിൽ സ്വരാജ്യസ്നേഹം, ഉത്സാഹം, ദീർഘദർശിത്വം, കാര്യക്ഷമത എന്നീ സംഗതികളിൽ ബറോഡാ ഗെയിക്ക്വാഡാണ് വിവേകാനന്ദനിൽ ഏറ്റവുമധികം മതിപ്പുളവാക്കിയിട്ടുള്ളത്.

കൊച്ചുരാജ്യമായ ഖെത്രിയിലെ രജപുത്രരാജാവിനെക്കുറിച്ചും തനിക്ക് ബഹുമാനമാണുള്ളതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഖെത്രിമഹാരാജാവാണ് സ്വാമിജിക്ക് 'വിവേകാനന്ദ'നെന്ന പഞ്ചാക്ഷരനാമം നൽകിയതും തലപ്പാവു കെട്ടുന്ന രീതി പഠിപ്പിച്ചതും.

തെക്കോട്ടു വരുന്തോറും രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും സ്വഭാവത്തിലും കാര്യപ്രാപ്തിയിലും അനുക്രമമായ അപക്ഷയം താൻ കണ്ടുവെന്നും വിവേകാനന്ദൻ മാർത്താണ്ഡവർമ ഇളയ രാജാവിനോടു വ്യക്തമാക്കി. തന്റെ അമ്മാമനായ മഹാരാജാവിനെ കണ്ടുവോ എന്ന് അദ്ദേഹം എടുത്തു ചോദിച്ചു. അപ്പോൾ നിഷേധാത്മകമായാണ് മറുപടി പറഞ്ഞതെങ്കിലും, രണ്ടു ദിവസം കഴിഞ്ഞ് മഹാരാജാവുമായി ഒരു സന്ദർശനം ഏർപ്പാട് ചെയ്യുകയുണ്ടായി. മഹാരാജാവ് സ്വാമി വിവേകാനന്ദനെ സ്വീകരിച്ച് കുശലാന്വേഷണം നടത്തുകയും തിരുവനന്തപുരത്തും തിരുവിതാംകൂറിന്റെ ഇതരഭാഗങ്ങളിലും സ്വാമിജിയുടെ താമസക്കാലത്തു വേണ്ട എല്ലാ സൗകര്യങ്ങളും തന്റെ ദിവാൻ ചെയ്തുകൊടുക്കുമെന്നു പറയുകയും ചെയ്തു. സന്ദർശനം രണ്ടുമൂന്നു മിനിട്ടു മാത്രമേ നീണ്ടുനിന്നുള്ളൂ. അതിൽ വിവേകാനന്ദന് അല്പം ഇച്ഛാഭംഗമുണ്ടായതായി ജീവചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു.

സ്വാമിജി ഇളയ രാജാവിന്റെ വിദ്യാഭ്യാസത്തെക്കുറിച്ചും

ജീവിതാദർശങ്ങളെക്കുറിച്ചും താല്പര്യത്തോടെ പലതും ചോദിച്ചു. രാജകുടുംബത്തിലെ ഒരംഗമെന്ന നിലയ്ക്കും മഹാരാജാവിന്റെ കുറ്റമറ്റ പ്രജകളിൽ പ്രമുഖനെന്ന നിലയ്ക്കും താൻ തിരുവിതാംകൂറിലെ ജനങ്ങളുടെ പ്രവർത്തനങ്ങളിൽ താല്പര്യമെടുക്കുന്നുണ്ടെന്നും അവരുടെ ശ്രേയസ്സിനുവേണ്ടി തന്നാൽ കഴിവത് ചെയ്യാൻ നിശ്ചയിച്ചിട്ടുണ്ടെന്നും അദ്ദേഹം മറുപടി പറഞ്ഞു. ഫോട്ടോ എടുത്തു ശീലിച്ചിരുന്ന മാർത്താണ്ഡവർമ വിവേകാനന്ദന്റെ വ്യക്തിപ്രഭാവത്തിലും ആകാരസൗഷ്ഠവത്തിലും ആകൃഷ്ടനായി സ്വാമിജിയുടെ ഒരു ഫോട്ടോ എടുക്കാൻ ഇരുന്നുകൊടുക്കണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ ഇളയ രാജാവ് വിവേകാനന്ദന്റെ ഒരു ഫോട്ടോ എടുത്തു.

★



## 5. മതവും ശാസ്ത്രവും

താൻ യാഥാസ്ഥിതികഹിന്ദുക്കളുടെ ആചാരാനുഷ്ഠാനങ്ങളിൽ വലിയ താല്പര്യമുള്ളവനാണെന്നു കണ്ടിട്ടാവാം, വിവേകാനന്ദൻ സുന്ദരരാമയ്യരുടെ അഭിരുചിക്കും വിശ്വാസത്തിനുമനുസരിച്ച് പലതും സംസാരിച്ചു. എന്നാൽ, അതിനിടയിൽ, വെറും ദേശാചാരങ്ങൾ അനുസരിക്കുന്നതിനെ നിശിതമായി വിമർശിക്കുകയും ചെയ്തു.

ഭൗതികവിജ്ഞാനം മനുഷ്യർക്കുമേൽ അവകാശപ്പെടുന്ന അമിതമായ സ്വാധീനത്തെ ഒരു ദിവസം സ്വാമിജി രൂക്ഷമായി വിമർശിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: "മതത്തിന് അതിന്റേതായ അന്ധവിശ്വാസങ്ങളുണ്ടെങ്കിൽ, ശാസ്ത്രത്തിന് അതിന്റേതായ അന്ധവിശ്വാസങ്ങളുമുണ്ട്. പ്രപഞ്ചത്തെക്കുറിച്ചുള്ള യാന്ത്രികസിദ്ധാന്തവും പരിണാമസിദ്ധാന്തവും വിശകലനം ചെയ്തുനോക്കുമ്പോൾ അപര്യാപ്തവും അതൃപ്തികരവുമാണെന്നു കാണാം. എന്നാലും പ്രപഞ്ചമാസകലം ഒരു പരസ്യമായ രഹസ്യമാണെന്നു പറയുന്ന അനേകമാളുകളുണ്ട്. അജ്ഞേയതാവാദവും ആളുകളുടെ കണ്ണുകളിൽ വളരെ വലുതായിരിക്കുന്നു. പക്ഷേ, അത് ഭാരതീയരുടെ ചിത്തനിരോധനശാസ്ത്രത്തെ അവഗണിക്കുകമൂലം സ്വന്തം അജ്ഞതയെയും അഹമ്മതിയെയും വിളിച്ചോതുക മാത്രമാണ് ചെയ്തത്. മനുഷ്യസ്വഭാവത്തിന്റെ നിയമങ്ങളെയും ബോധാതീതതലങ്ങളെയും ഗ്രഹിക്കുന്നതിൽ പാശ്ചാത്യരുടെ മനഃശാസ്ത്രം അമ്പേ പരാജയമടഞ്ഞു. പാശ്ചാത്യശാസ്ത്രം ഗതിമുട്ടിനിൽക്കുന്നിടത്ത് ഭാരതീയമനഃശാസ്ത്രം കടന്നുവരുന്നു. ജീവിതത്തിന്റെയും അനുഭൂതിയുടെയും ഉയർന്ന തലങ്ങളിലെ നിയമങ്ങൾ വിശദമാക്കുകയും ഉദാഹരിക്കുകയും പ്രയോഗത്തിൽ വരുത്തേണ്ടതെങ്ങനെയെന്നു പഠിപ്പിക്കുകയും ചെയ്യുന്നു. മതത്തിനുമാത്രമേ, അതിലും വിശേഷിച്ച് ഭാരതീയമഹർഷിമാരുടെ മതത്തിനേ, മാനവമനസ്സിന്റെ സൂക്ഷ്മവും ഗൂഢവുമായ പ്രവർത്തനങ്ങളെപ്പറ്റി മനസ്സിലാക്കാനും അതിന്റെ പ്രാപഞ്ചികമായ തൃഷ്ണകളെ കീഴടക്കി അദ്വൈതസത്യത്തെ സാക്ഷാത്കരിക്കാനും സമസ്തപ്രപഞ്ചത്തെയും പ്രകൃതിയുടെ പിടിയിൽ അകപ്പെട്ട ആ സത്യത്തിന്റെ പരിമിതികളും പ്രകാശനങ്ങളും ആണെന്നു ഗ്രഹിക്കാനും കഴിയുകയുള്ളൂ."

വിവേകാനന്ദൻ സംസാരിച്ച മറ്റൊരു വിഷയം സ്ഥൂലപ്രപഞ്ചവും സൂക്ഷ്മപ്രപഞ്ചവും തമ്മിലുള്ള ഭേദമത്രേ. ഇവ രണ്ടും മനുഷ്യനെ ഇന്ദ്രിയങ്ങൾക്ക് അടിമയാക്കി വെക്കുന്നുവെന്നും ഇവയ്ക്കു രണ്ടിനുമപ്പുറം പോകുന്നവനു മാത്രമേ ജീവിതലക്ഷ്യ

മായിരിക്കുന്ന സ്വാതന്ത്ര്യം പ്രാപിക്കാനും അങ്ങനെ ഐഹികാമുഷ്മികലോകങ്ങളിലെ തുച്ഛങ്ങളായ മോഹജാലങ്ങളിൽനിന്ന് പുറത്തു കടക്കാനും കഴിയൂ എന്നും സ്വാമിജി വിശദമാക്കി.

★



### 5. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം

സ്വാമി വിവേകാനന്ദൻ ജാതിവ്യവസ്ഥയെയും സ്ത്രീകളുടെ പദവിയെയും കുറിച്ച് വിമർശനാത്മകമായി നടത്തിയ നിരീക്ഷണത്തിന് പശ്ചാത്തലമായി പത്തൊൻപതാം നൂറ്റാണ്ടിലെ കേരളത്തിന്റെ ഒരു സാമാന്യചിത്രം നമ്മുടെ മുൻപിലുണ്ടാകുന്നത് നല്ലതാണ്.

ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആചാരങ്ങൾ, ജാതികൾ, കുടുംബജീവിതം, കുറ്റവും ശിക്ഷയും, ഈശ്വരാരാധന, കൃഷി, വാണിജ്യം, വ്യവസായം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ അന്നത്തെ നില എന്താണെന്നു നോക്കാം.

ജാതീയമായ ഉച്ചനീചത്വങ്ങൾ ഭക്ഷണത്തിന്റെ കാര്യത്തിലും പ്രകടിപ്പിക്കപ്പെട്ടിരുന്നു. തൊട്ടുകൂടായ്മയേക്കാൾ ശക്തമാണ് തൊട്ടുതിന്നുകൂടായ്മ. ആര് ആരെ തൊട്ടുണ്ണാം എന്നതിനെല്ലാം കർശനനിയമങ്ങൾ. ഉയർന്നതും താഴ്ന്നതുമായ എല്ലാ ജാതികൾക്കും അവയിലെ ഉപജാതികൾക്കുമെല്ലാം ഈ നിയമങ്ങൾ ബാധകമാണ്. ജാതി വിട്ട് ആരെങ്കിലും ആരുടെയെങ്കിലും ഭക്ഷണം കഴിച്ചാൽ ആ ആളെ കുടുംബത്തോടെ ഭ്രഷ്ടാക്കുകയാണ് പതിവ്. പന്തിയിലെ പദവിയിലും ഇതുതന്നെ സ്ഥിതി. കല്യാണത്തിനും മറ്റുമുള്ള സദ്യയുടെ അവസരങ്ങളിലാണ് ഈ ഭേദചിന്ത കത്തിക്കയറുക. മഹാകവി കുമാരനാശാന്റെ അടുത്ത സ്നേഹിതനായിരുന്ന ചാവർകോട്ടു കുഞ്ഞുശങ്കരൻ വൈദ്യരുടെ മകളുടെ വിവാഹത്തിന് വൈദ്യരുടെ ക്ഷണമനുസരിച്ച് വില്ലുവണ്ടിയിൽ വന്ന മഹാകവിയെ, ജാതിസംബന്ധമായി അദ്ദേഹത്തിന് എന്തോ ഒരു കുറവുണ്ടെന്ന കാരണത്താൽ ഈഴവസമുദായത്തിൽപെട്ട ചിലർ വിവാഹത്തിൽ പങ്കു കൊള്ളാൻ വിസമ്മതിച്ചതിനാൽ, വഴിക്കുവെച്ച് മാപ്പു പറഞ്ഞ് മടക്കിയയയ്ക്കേണ്ടിവന്ന സംഭവം ഇവിടെ ഓർക്കാം. കപ്പലിൽവെച്ച് അന്നപാനാദികൾ കഴിച്ചാൽ ജാതിഭ്രഷ്ട് വരുമെന്നതുകൊണ്ട് രാവിലെയും വൈകുന്നേരവും വെവ്വേറെ ആളുകളെ മാറ്റിമാറ്റി അയയ്ക്കുകയാണ് ചെയ്തിരുന്നത്.

സവർണരുടെ സദ്യയിൽ മത്സ്യമാംസാദികൾ പാടേ വർജ്യമായിരുന്നുവെങ്കിൽ, തിയ്യ–ഈഴവാദി അവർണർക്ക് നേരെ വിപരീതമായിരുന്നു. ഈഴവരിലെ അവാന്തരജാതിസംബന്ധമായ ഉച്ചനീചത്വം അവരുടെ സദ്യവട്ടങ്ങളിൽ അത്രത്തോളം പ്രതിഫലിച്ചിരുന്നില്ല. അവർ സദ്യയ്ക്ക് മുഖ്യമായി വിളമ്പിയിരുന്നത് മത്സ്യമാംസക്കറികളാണ്. അവരുടെ മുഖ്യകുലത്തൊഴിലായ തെങ്ങു

ചെത്തിൽനിന്നു കിട്ടുന്ന കള്ളും ചാരായവും ഈ കറികൾക്ക് സ്വാദു കൂട്ടുകയും ചെയ്തു.

ചന്തയിലും തീണ്ടലുണ്ട്. ചന്തയിൽ പോകണമെങ്കിൽ പ്രധാനനിരത്തിലൂടെ നടക്കണം. സവർണർ സാധാരണ സഞ്ചരിക്കുന്ന വഴിച്ചാലുകളിലോ വയൽവരമ്പുകളിലോ അവർണന്റെ നിഴൽപോലും വീഴരുതെന്നാണ് ചട്ടം. അതിനാൽ അവർണർക്ക് ബാലികേറാമലയാണ് അങ്ങാടി. നായന്മാർ വഴിയിൽ നടക്കുമ്പോൾ 'പോ പോ' എന്ന് ഉച്ചത്തിൽ വിളിയാട്ടും. അതു കേട്ടാലുടൻ പുലയർ ദൂരെ പോയി നിലത്തോളം പതിഞ്ഞ് കൈകൂപ്പി നായർ കടന്നുപോകുന്നതുവരെ ഒരിക്കൽപോലും നേരെ നോക്കാതെ ആ നിലയിൽ നിൽക്കണം. അടുത്തു ചെന്ന് തൊടുകയോ തീണ്ടുകയോ ചെയ്താൽ ഉടനെ ആ പുലയനെ കൊന്നുകളയാം. ബ്രിട്ടീഷുകാരുടെ ഭരണം വന്നപ്പോൾ ഇതിൽ 'കൊന്നുകളയാം' എന്നതുമാത്രം മാറ്റി. ഒരു പുലയന് നഗരത്തിൽനിന്ന് എന്തെങ്കിലും വാങ്ങാനുണ്ടെങ്കിൽ അവൻ നഗരത്തിന്റെ പുറത്തുനിന്ന് ഉച്ചത്തിൽ നിലവിളിച്ചുപറയും. ആവശ്യപ്പെടുന്ന സാധനത്തിന്റെ വില ഒരിടത്തുവെച്ച് ദൂരെ മാറിനിൽക്കും. കച്ചവടക്കാരൻ വന്ന് പണമെടുത്ത് സാധനം അവിടെ വെച്ചിട്ട് അകലേക്കു മാറും. ആ പുലയൻ അതെടുത്തുകൊണ്ട് പോവുകയും ചെയ്യും. പുലയർക്ക് വിധിച്ച ഈ നിയമം അവർണർക്കെല്ലാം ബാധകമായിരുന്നു. സവർണരുടെ ഭവനങ്ങളിൽനിന്നോ കടകളിൽനിന്നോ വല്ലതും വാങ്ങേണ്ടിവരുമ്പോൾ അവർണർക്ക് ഇത്തരത്തിൽ പെരുമാറേണ്ടിവന്നിട്ടുള്ളത് ആറരപ്പതിറ്റാണ്ടിനു മുൻപ് ഞാൻതന്നെ കണ്ടിട്ടുണ്ട്.

വസ്ത്രധാരണത്തിന്റെ കാര്യത്തിലും ജാതി പ്രധാനംതന്നെ. പലപ്പോഴും മതവും. പുലയരും പറയരും മറ്റധഃകൃതരും അരയിൽ ഒരു ചരട് കെട്ടി അതിൽ പുല്ലു കെട്ടിത്തൂക്കി മാനം മറച്ചിരുന്നു. കുറേക്കൂടി ഉയർന്നവർ ഒരു തുണിക്കഷണം കോണകമാക്കി ഉടുക്കുകയാണു ചെയ്തത്. സവർണർക്ക് പട്ടുകോണകമാവാം. അവർണർക്കു കവുകിൻപാളയോ വാഴപ്പോളയോ കൊണ്ടുള്ള 'കൂമ്പാള'ക്കോണകമേ പാടുള്ളൂ. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അധഃകൃതസ്ത്രീകൾ ചെറിയ തുണിക്കഷണം കൊണ്ടോ പോളകൊണ്ടോ മാനം മറയ്ക്കുകയായിരുന്നു പതിവ്.

ഉടുപ്പുകൊണ്ട് ജാതിയും മതവും അവസ്ഥയും വേർതിരിച്ചറിയാമായിരുന്നു. ഉടുക്കുന്നത് ജാതിഭേദവും അവസ്ഥാഭേദവുമനുസരിച്ച് മുട്ടുവരെ, കണങ്കാൽവരെ, നെരിയാണിവരെ – ഇങ്ങനെയൊക്കെ നിബന്ധനകളുണ്ടായിരുന്നു. തിയ്യപ്രമാണിമാർക്കും മറ്റും വിശേഷാവസരങ്ങളിൽ ഉറുമാൽ തലയിൽ കെട്ടാൻ വിധിയുണ്ട്. കുപ്പായം, പൊതുവിൽ, ഏതു ജാതിക്കുമില്ല. മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും, ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും, ഇന്നിന്ന തരത്തിലുള്ള കുപ്പായമെന്നു നിബന്ധനയുണ്ട്. അച്ചിപ്പുടവ (നായർസ്ത്രീകൾ ഉടുക്കുന്ന പുടവ) നെയ്യുന്നതും വിൽക്കുന്നതും ഈഴവനാണെങ്കിലും അത് അവന്റെ ഭാര്യയ്ക്ക് ഉടുക്കാൻ പാടില്ല. ഈഴവരുടെയും മറ്റധഃകൃതരുടെയും സ്ത്രീകൾക്ക് മുട്ടുവരെയെത്തുന്ന മുണ്ടേ ഉടുക്കാവൂ. അവർക്ക് അരയ്ക്കു കെട്ടാൻ കറുപ്പുചരടും കഴുത്തിലണിയാൻ കല്ലുമാലയുമായിരുന്നു. അന്തർജനങ്ങൾ ഇല്ലത്തിനകത്തും മറ്റുള്ള സവർണാവർണസ്ത്രീകൾ അകത്തും പുറത്തും മാറു മറയ്ക്കാതെയാണ് കഴിഞ്ഞിരുന്നത്. അവർ മാറു മറയ്ക്കുന്നത് ധിക്കാരമായാണ് കരുതിപ്പോന്നത്. മാന്യരുടെ സന്നിധിയിൽ മാറത്തെ മുണ്ട് എടുത്തുമാറ്റണം. ഒരീഴത്തി മുട്ടിനു കീഴെത്തുന്ന മുണ്ടുടുത്ത് പോകുന്നതു കണ്ട് അരിശം പൂണ്ട നായന്മാർ അവളെക്കൊണ്ട് ആ മുണ്ടഴിപ്പിച്ചതിന്റെ പേരിലാണ് മധ്യതിരുവിതാങ്കൂറിൽ വലിയ ലഹള നടന്നത്. കായംകുളത്തെ തെരുവിലൂടെ ഒരു ചാന്നാട്ടി മാറിൽ ഒരു കഷ്ണം തുണിയിട്ടുനടന്നതിൽ അരിശം പൂണ്ട സവർണർ, ബലമായി തുണിമാറ്റിച്ച് അവളുടെ മുലഞെട്ടുകളിൽ വെള്ളയ്ക്കാമോട് പിടിപ്പിച്ചുവിട്ടതായി രേഖയുണ്ട്. ഒരാളുടെ മതവും ജാതിയും ഉപജാതിയും ധനിക–ദരിദ്രഭേദവും അയാളുടെ ഉടുപ്പ്, നടപ്പ്, കുറി വരയ്ക്കൽ, മുടികെട്ട്, ആഭരണമണിയൽ എന്നിവയിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു.



ജാതിഭേദവും അവസ്ഥാഭേദവും പാർപ്പിടത്തിലും പ്രതിഫലിച്ചിരുന്നു. കൊട്ടാരം, കോവിലകം (രാജാക്കന്മാർ), എടം (പാലക്കാട്ടച്ചന്മാർ, സാമന്തൻ നമ്പ്യാർ, നായനാർ മുതലായവർ), മന (ആഢ്യൻ നമ്പൂതിരി), ഇല്ലം (ആസ്യൻ നമ്പൂതിരി, ഇളയത്, മൂത്തത് മുതലായവർ), മഠം (അടികൾ, തിരുമുൽപ്പാട്, സന്യാസിമാർ, പരദേശബ്രാഹ്മണർ മുതലായവർ), പുഷ്പകം (നമ്പീശൻ), പിഷാരം (പിഷാരടി), വാരിയം (വാരിയർ), മാരാത്ത് (മാരാർ), വീട് (സാധാരണക്കാർ), പുര (ഈഴവർ തൊട്ടുള്ളവർ), കുടിൽ, കുടി, മാടം, ചാള, ചെറ്റ, പാടി (പുലയർ, പറയർ, കുറവർ, നായാടി മുതലായവർ) – ഇങ്ങനെ പോകുന്നു ഭവനപ്പേരുകൾ. വീടു പണിയുന്നതിലുമുണ്ട് ഇത്തരം ഉച്ചനീചഭേദം. വാസ്തു

വിദ്യയനുസരിച്ചൊന്നും അധഃകൃതർക്ക് വീടു പണിയാൻ പാടില്ല. താണ ജാതിക്കാർക്ക് വീടിന് ഓടിടണമെങ്കിൽ പ്രത്യേകം രാജാനുമതി വേണമായിരുന്നു.

ജാതിഭേദം പ്രതിഫലിപ്പിച്ചുകൊണ്ട് ആചാരഭാഷ എന്നൊരു ഭാഷാഭേദംതന്നെ നിലനിന്നിരുന്നു. 'ഞാൻ' എന്നതിന് നമ്പൂതിരിമാരും രാജാക്കന്മാരും മറ്റും 'നോം' എന്നാണ് പറഞ്ഞിരുന്നത്. പുലയർക്കും മറ്റും 'ഏൻ' എന്നേ പറയാൻ പറ്റുമായിരുന്നുള്ളൂ. 'അടിയൻ', 'അടിയങ്ങൾ' എന്നൊക്കെയാണ് പൊതുവിൽ അവർണർ പറയേണ്ടിയിരുന്നത്. ഭക്ഷണത്തിന് 'കരിക്കാടി', വീടിന് 'കുപ്പപ്പാട്', 'ചാണകക്കുണ്ട്', പണത്തിന് 'ചെമ്പുകാശ്' എന്നും മറ്റുമുള്ള ആചാരഭാഷയേ അധഃകൃതർക്കു വിധിച്ചിട്ടുള്ളൂ.

ആചാരങ്ങളിലാണ് ജാതീയമായ ഉച്ചനീചത്വങ്ങൾ ഏറ്റവുമധികം കാണുക. നമ്പൂതിരിക്ക് രണ്ടു കാര്യം ചട്ടമായിരുന്നു – ഒന്ന് കോരപ്പുഴ കടക്കാൻ പാടില്ല (വടക്കുള്ള സവർണർക്ക് 'കോരപ്പുഴ കടന്നാൽ ജാതി പോകും' എന്നാണു നിയമം). മറ്റൊന്ന്, മുങ്ങിക്കുളിയേ പാടുള്ളൂ (വെള്ളം കോരിക്കുളിക്കുന്ന പട്ടരെയും മറ്റും 'മുരുടസ്നാനക്കാ'രെന്നു പറഞ്ഞ് നമ്പൂതിരിമാർ കളിയാക്കുമായിരുന്നു). രണ്ടു തെറ്റിച്ചാലും ഭ്രഷ്ടാവും. നമ്പൂതിരി ശൂദ്രാദികളെ തൊട്ടാൽ മുങ്ങിക്കുളിക്കണം. താണ ജാതിക്കാർ അടുത്തു വന്നാലും കുളിക്കണം. താണ ജാതിക്കാർ തൊട്ട കിണർ, കുളം എന്നിവ തൊട്ടാലും കുളിക്കണം. ക്ഷേത്രബിംബങ്ങളിൽ ബ്രാഹ്മണനേ തൊടാവൂ. ഗുരുവായൂരിലും മറ്റും മണിയടിച്ചു തൊഴാൻ ബ്രാഹ്മണർക്കേ പാടുള്ളൂ. സഖാവ് പി. കൃഷ്ണപിള്ളയെ മർദിക്കാൻ കാരണമായത് അദ്ദേഹം ഈ വിധി മറികടന്ന് പ്രവർത്തിച്ചതാണെന്നു പ്രസിദ്ധമാണല്ലോ. ദളിതരടക്കമുള്ള അവർണരെ ശാന്തിക്കാരായി നിയമിച്ചുകൊണ്ട് കേരളസർക്കാരും അതിനെ അനുകരിച്ച് ഇപ്പോൾ കർണാടകസർക്കാരും ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതും ഈ ആചാരവിധി മറികടന്നുകൊണ്ടാണ് ഈ നടപടിയെ വിപ്ലവകരമെന്നു നാം വിശേഷിപ്പിക്കുന്നത്.

മണ്ണാന്മാരും പാണന്മാരും മറ്റും ഈഴവർക്കു വഴി മാറിക്കൊടുക്കണം. പുലയനും പറയനും മറ്റും പാണനും മണ്ണാനും വഴി മാറണം. പറയനും മറ്റും നായാടിക്കു വഴി മാറണം. ഈ ജാതിക്കാരെല്ലാം ചാതുർവർണ്യക്കാർക്കു വഴി മാറിക്കൊടുക്കണം. ചില ജാതിക്കാരെ തൊട്ടാലേ അയിത്തമുള്ളൂ. മറ്റു ചില ജാതിക്കാരെ കണ്ടാൽ അയിത്തമായി. ചില ജാതിക്കാരുടെ സാന്നിധ്യം പോലും അയിത്തമുണ്ടാക്കും. ഓരോ ജാതിക്കാരും സവർണജാതിക്കു മുൻപിൽ എത്രയെത്ര ദൂരമാണ് മാറിനിൽക്കേണ്ടതെന്ന് കൃത്യമായി ധർമശാസ്ത്രഗ്രന്ഥങ്ങളിൽ വിധിച്ചിട്ടുണ്ട്.



| | |
|---|---|
| നായാടികൾ (നായ്ക്കളെ തിന്നുന്നവർ) | – 72 അടി |
| ഈഴവർ, പുലയർ (അടിമകൾ) | – 64 അടി |
| കണിശൻ (ജ്യോത്സ്യൻ) | – 36 അടി |

ഇതിൽ തിരുവിതാങ്കൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിലും അവിടെത്തന്നെ പ്രാദേശികമായും വ്യത്യാസങ്ങൾ കാണാം. പ്രധാനപ്പെട്ട വീഥികളിലും ക്ഷേത്രസാമീപ്യമുള്ള നടവഴികളിലും അവർണർക്ക് പ്രവേശം നിഷേധിച്ചുകൊണ്ടുള്ള തീണ്ടൽപ്പലകകൾ കാണാം. "ഇവിടം മുതൽ ക്ഷേത്രസങ്കേതമാകയാൽ പൊതുജനങ്ങൾക്കു പ്രവേശനം നിഷേധിച്ചിരിക്കുന്നു" എന്നതാണ് പൊതുവിൽ ഇത്തരം പലകകളിലെ ഉള്ളടക്കം. പിന്നീടത് 'ഈഴവർ മുതലായവരുടെ പ്രവേശനം തടഞ്ഞിരിക്കുന്നു' എന്നായി മാറി. (ഇന്നിപ്പോൾ 'അഹിന്ദുക്കൾക്ക്' എന്നായിത്തീർന്നിരിക്കുന്നു). ഏതെങ്കിലും മനുഷ്യർക്ക് പ്രവേശനം നിഷേധിക്കാതെ നമ്മുടെ ദേവന്മാർക്ക്, ദേവന്മാരെ ഭരിക്കുന്നവർക്ക്, തൃപ്തിയാവില്ല! മേൽപ്പറഞ്ഞ തീണ്ടൽപ്പലകകൾ മാറ്റുന്നതിനുവേണ്ടിയായിരുന്നു 1924–ൽ വൈക്കം സത്യഗ്രഹം ആരംഭിച്ചത്. ഇതേ ആവശ്യത്തിനുവേണ്ടിത്തന്നെയാണ് 1931–ൽ ഗുരുവായൂർ സത്യഗ്രഹവും വേണ്ടിവന്നത്.

തീണ്ടലിന് പിഴയും നടപ്പിലുണ്ടായിരുന്നു. തിരുവിതാങ്കൂറിൽ തീണ്ടൽജാതിക്കു വിലക്കു കല്പിച്ചിരുന്ന സ്കൂളുകളുടെ ഒരു പട്ടിക (ആകെ 27) കുമാരനാശാൻ ശ്രീമൂലം പ്രജാസഭാപ്രസംഗത്തിൽ (1914) കൊടുത്തിട്ടുണ്ട്.

സവർണരായ അധ്യാപകർ അവർണവിദ്യാർഥികളെ തൊട്ടടിക്കുമായിരുന്നില്ല. അടിക്കാതെ പഠിപ്പിക്കാനാവില്ലല്ലോ! 'എറിഞ്ഞടി' യാണ് അന്നവർ കൈക്കൊണ്ട ശിക്ഷാമാർഗം. വടി എറിഞ്ഞ് വിദ്യാർഥിയുടെ ദേഹത്തിൽ കൊള്ളിച്ച് ശിക്ഷിക്കുക! അങ്ങനെ സവർണാധ്യാപകന് ശുദ്ധം മാറാതെ, കുളിക്കാതെ, കഴിക്കാം!

ഈഴവർ മുതൽ പറയരും നായാടികളും വരെയുള്ള കീഴ്ജാതിക്കാർക്ക് ഒരു വിധത്തിലുള്ള സ്വാതന്ത്ര്യവും അനുവദിച്ചിരുന്നില്ല. അവർക്ക് രാജവീഥികളിലൂടെ സ്വാതന്ത്ര്യത്തോടെ നടന്നുകൂടാ. മേൽജാതിക്കാർക്കു വഴിമാറിക്കൊടുക്കുന്നതിലുള്ള അസൗകര്യം നിമിത്തം യഥേഷ്ടം എവിടെയും സഞ്ചരിച്ചുകൂടാ. അങ്ങാടികളിൽനിന്നു വിലകൊടുത്ത് സാധനം വാങ്ങാൻ പോലും മേൽജാതി

ക്കാരുടെ സഹായം വേണം. നഗരങ്ങളിലും ഗ്രാമങ്ങളിലും സ്വേച്ഛാനുസാരം നടന്നുകൂടാത്തതിനാൽ ഇഷ്ടപ്പെട്ട യാതൊരു തൊഴിലും ചെയ്യാൻ പറ്റില്ല. അതുകൊണ്ട് ചെറുമർ, കണക്കർ, പുലയർ, പറയർ, നായാടികൾ മുതലായവർക്ക് നികൃഷ്ടത്തൊഴിലുകളേ ചെയ്യാനാവുമായിരുന്നുള്ളൂ. അവർക്ക് മറ്റുള്ളവരെപ്പോലെ വിദ്യാലയത്തിൽ പോയി പഠിക്കാൻ കഴിഞ്ഞില്ല. രോഗം വന്നാൽ ചികിത്സിക്കാൻ വഴിയില്ല. അവരുടെ വാസം പാടങ്ങളിലും കാടുകളിലും ചളിസ്ഥലങ്ങളിലും മറ്റും മാത്രം. ക്ഷേത്രസമീപത്തിൽ പോകാനോ ദൈവദർശനം നടത്താനോ പാടില്ല. അവർക്ക് ഭൂതപ്രേതപിശാചുക്കളെയും മാടൻ, മറുത, കുട്ടിച്ചാത്തൻ, ശാസ്താവ്, വീരഭദ്രൻ, ഭദ്രകാളി, ചാമുണ്ഡി മുതലായ ദുർമൂർത്തികളെയും മാത്രമേ ആരാധിക്കാൻ പാടുള്ളൂ. അവിടെ കള്ളും മീനും മാത്രമേ നിവേദിച്ചുകൂടൂ.

മതം മാറിയാൽ, ക്രിസ്ത്യാനിയോ മുസ്ലീമോ ആയാൽ, ഇവർക്ക് മേൽപറഞ്ഞ പല വിലക്കുകളിൽനിന്നും വിമുക്തി നേടാമായിരുന്നു.

താലികെട്ടുകല്യാണം, തിരണ്ടുകല്യാണം, പുളികുടി എന്നിങ്ങനെ അനേകം അനാചാരങ്ങൾ നായന്മാരുടെയും ഈഴവരുടെയും ഇടയിൽ നിലവിലുണ്ടായിരുന്നു. താലികെട്ടിന് വിവാഹവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. ഇളംപ്രായത്തിലുള്ള കന്യകകളെ വരിവരിയായി ഇരുത്തി പുറമെനിന്നു വന്ന ചില മുതിർന്ന പുരുഷന്മാർ അവരുടെ കഴുത്തിൽ മിന്നുകെട്ടുകയും മൂന്നുനാലു ദിവസം അവരുടെ വീട്ടിൽ പാർക്കുകയും ചെയ്യുന്ന അസംബന്ധമായ ഒരാചാരമാണ് താലികെട്ടുകല്യാണം. തിരണ്ടുകല്യാണമെന്നാൽ, ആദ്യത്തെ തവണ ഋതുവാകുമ്പോൾ നടത്തുന്ന ആർഭാടപൂർവമായ ചടങ്ങ്. ഗർഭിണികളായ സ്ത്രീകൾ ഭർത്താക്കന്മാരെ പുളിവെള്ളം കുടിപ്പിക്കുന്ന അനുഷ്ഠാനകർമം പുളികുടി. ഇവയ്ക്കെല്ലാം വളരെ പണം ചെലവു ചെയ്ത് സദ്യ നടത്തുകയും പുരോഹിതന്മാർക്കും സമുദായപ്രമാണിമാർക്കും ദക്ഷിണ നൽകുകയും വേണമായിരുന്നു.

തീയർക്ക് എമ്പ്രോനും ഈഴവർക്ക് വാത്തി(വാധ്യാൻ, പുരോഹിതൻ)യുമായിരുന്നു പുരോഹിതന്മാർ. ഇവർതന്നെയാണ് അവരുടെ ക്ഷുരകരും.

ഈഴവരുടെ വിവാഹത്തിന് വരൻ വധുവിന്റെ വീട്ടിൽ പോകണമെന്നില്ല. വരന്റെ ബന്ധുക്കളിൽ ചിലരും അവന്റെ സഹോദരിയോ ബന്ധുവായ മറ്റേതെങ്കിലുമൊരു സ്ത്രീയോ വധുവിന്റെ വീട്ടിൽ ചെന്ന് അവളുടെ ബന്ധുക്കളുടെ അനുമതിയോടെ അവൾക്ക് പുടവ കൊടുത്താൽ മതി. അതിനുശേഷം സദ്യയുമുണ്ടാവും. ശ്രീനാരായണഗുരുവിന്റെ വിവാഹം ഇങ്ങനെയാണ് നടന്നിരുന്നത്.



ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും ഈഴവരുടെയും മറ്റു ചില ജാതിക്കാരുടെയുമിടയിൽ നിലനിന്നിരുന്നു.

തെങ്ങുകൃഷി, നാളികേരസംബന്ധമായ കൈത്തൊഴിലുകൾ, ചകിരിപ്പണി, വള്ളംതുഴ, നെയ്ത്ത്, ജ്യോത്സ്യം, മന്ത്രവാദം, വൈദ്യം എന്നിവയായിരുന്നു ഈഴവരുടെ കൈത്തൊഴിലുകൾ. ഉന്നതരീതിയിൽ സംസ്കൃതവിദ്യാഭ്യാസം ലഭിച്ചവർ ഈഴവരുടെയിടയിൽ ഉണ്ടായിരുന്നു. സാമാന്യം നല്ല പണക്കാരും അവർക്കിടയിൽ അതിവിരളമായെങ്കിലും കാണുമായിരുന്നു.

മലബാറിലെ അവർണരുടെ അന്നത്തെ സ്ഥിതിയെപ്പറ്റി *മലബാർ ഗസറ്റിൽ* ഇങ്ങനെ പറയുന്നു: "ചെറുമൻ, പറയൻ, പുലയൻ, കുറവൻ, നായാടി, പണിയൻ, കുറിച്ചിയൻ ഈ ജാതിക്കാരെ താണ ജാതിക്കാരായാണ് മലബാറിൽ വിചാരിച്ചുവരുന്നത്. എന്നാൽ ഈ കൂട്ടരുടെ വിദ്യാഭ്യാസത്തിനുവേണ്ടി വളരെക്കുറച്ചുമാത്രമേ ഉദ്യമിച്ചുവരുന്നുള്ളൂ. 1903–4–ാമതു കൊല്ലത്തിൽ സ്കൂൾവയസ്സിലുള്ള പഞ്ചമ ജാതിക്കാരിൽ നൂറിനു രണ്ടേകാൽകണ്ടു മാത്രമേ പഠിപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്നുള്ളൂ. ഈ വിഷയത്തിൽ മലബാർ ജില്ല, തെക്കൻ കാനറ ഒഴിച്ച് മറ്റെല്ലാ ജില്ലകളേക്കാളും താണിട്ടാണ് കിടക്കുന്നത്. പഞ്ചമവിദ്യാഭ്യാസം നന്നാക്കുന്നതിലുള്ള പ്രയാസം ഒന്നാമത് ചെറുമക്കൾ മുതലായ താണ ജാതിക്കാരുടെ ജയിക്കപ്പെട്ടുകൂടാത്തതായ അജ്ഞാനഅന്ധകാരവും രണ്ടാമത് ഉയർന്ന ജാതിക്കാർക്ക് താണ ജാതിക്കാരെ അടിമാവസ്ഥയിൽനിന്നു നന്നാക്കിത്തീർക്കുവാനുള്ള ആഗ്രഹക്കുറവും ആകുന്നു." (മൂന്നാം ഭാഗം, പേജ് 149)

തിരുവിതാങ്കൂറിലെ സ്ഥിതിയോ?

"സർക്കാർ സ്കൂളിലെ ബഹുഭൂരിപക്ഷവും ദീർഘകാലം ഈഴവാദി അവർണഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും ദുഷ്പ്രാപമായിത്തന്നെ ശോഭിച്ചു. 1070–ൽ ഡോ. പൽപ്പു ദിവാൻ ശങ്കരസുബ്ബയ്യർക്കയച്ച ഒരു കത്തിൽ പറയുന്നത്, 'ഏതാനും സംവത്സരങ്ങൾക്കു മുൻപുവരെ യാതൊരു ഗവണ്മെന്റ് പള്ളിക്കൂടങ്ങളിലും ഈഴവർക്ക് പ്രവേശനം അനുവദിച്ചിരുന്നില്ല എന്നാണ്. 1066–ൽ കായംകുളത്തെ ഏതാനും ഈഴവർ തങ്ങളുടെ കുട്ടികളെ സ്ഥലം ഇംഗ്ലീഷ് സ്കൂളിൽ ചേർക്കാൻ അനുവാദമുണ്ടാകണമെന്നപേക്ഷിച്ചതിൽ ഡിസ്ട്രിക്ട് സ്കൂൾ സൂപ്രണ്ട് മി. ഡിത്ത് നൽകിയ മറുപടി തൽക്കാലം നിവൃത്തിയില്ലെന്നായിരുന്നു. ആറ്റിങ്ങൾ സ്കൂളിന്റെ ഉത്ഭവം 1010–ന് അടുപ്പിച്ചാണെങ്കിലും 1070–ാമാണ്ടുപോലും ഈഴവർക്ക് അതിൽ പ്രവേശനം നിഷേധിച്ചിരുന്നു." (സി. കേശവൻ, *ജീവിതസമരം*, ഒന്നാം വാള്യം, പേജ് 18). 1895–നോടടുപ്പിച്ച കാലത്തെ നിലയാണിത്.

1896 സപ്തമ്പർ 13–ന് ഡോക്ടർ പി. പല്പുവിന്റെ നേതൃത്വ ത്തിൽ 13176 ഈഴവർ ഒപ്പിട്ട് മഹാരാജാവിനു സമർപ്പിച്ച സങ്കടഹര ജിയിൽ ഇപ്രകാരം പറയുന്നു: "അടിയങ്ങൾ സംസ്ഥാനം (തിരുവി താങ്കൂർ) ഒട്ടുക്കുള്ള ജനസംഖ്യയിൽ അഞ്ചിലൊന്നോളം ഉള്ളവരും പരമ്പരയായി തൃപ്പാദങ്ങളിൽ വളരെ ഭയഭക്തിവിശ്വാസങ്ങളോടുകൂടി രാജ്യനീതികളെ കീഴ്വഴങ്ങി മര്യാദയായി കാലം കഴിച്ചുപോരുന്ന വരും രാജ്യത്തിന് സമാധാനമില്ലാതിരുന്ന കാലങ്ങളിലെല്ലാം പൊന്നു തമ്പുരാക്കന്മാർക്കുവേണ്ടി പ്രാണൻ കളഞ്ഞിട്ടുള്ള പഴവന്മാരുടെ സന്താനങ്ങളും ഇപ്പഴും രാജ്യക്ഷേമകരങ്ങളായ കൃഷി, കൈത്തൊ ഴിൽ, കച്ചവടം മുതലായവയിൽ പരിശ്രമിച്ച് ഇതരജാതിക്കാരെക്കാളും സർക്കാരിന് അധികം മുതൽകൂട്ടുന്നവരും ആകുന്നു എന്നുള്ള വാസ്തവം അടിയങ്ങൾ തിരുവുള്ളം ഉണർത്തിച്ചേ തീരൂ എന്നില്ല.

"എന്നാൽ ഗവണ്മെന്റിൽനിന്നും പ്രജകളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായി ചെയ്തുവരുന്ന ചില സൗകര്യങ്ങളും സഹായ ങ്ങളും അടിയങ്ങൾക്ക് ഇന്നും സിദ്ധിക്കുന്നതിന് സംഗതിയായിട്ടില്ല.

"ഇഹപരസുഖങ്ങൾക്ക് നിദാനമായിരിക്കുന്ന വിദ്യാഭ്യാസമുള്ള വർ പഠിത്തവിഷയത്തിൽ സകലസൗകര്യങ്ങളുമുള്ള ഇതരജാതിമ തക്കാരോടൊത്തുനോക്കിയാൽ വളരെ മോശവും വിശേഷിച്ച് ഇക്കാ ലത്തെ പരിഷ്കാരത്തിന് അവശ്യം വേണ്ടതായ ഇംഗ്ലീഷ് പഠിത്തമു ള്ളവർ തീരെ ചുരുക്കവുമാണ്. ......

"പൊന്നുതിരുമേനിയുടെ കീഴ് കുറഞ്ഞപക്ഷം അഞ്ചുരൂപ ശമ്പ ളമുള്ള ഒരു ചെറിയ ജീവനത്തിൽ പോലും (അടിയങ്ങളിലാരും) ഇരു ന്നുകാണാത്തത് എന്തകൊണ്ടാണ്..."

ഇതിന് ദിവാൻ ശങ്കരസുബ്ബയ്യൻ അയച്ച മറുപടിയിൽ നിന്ന്: "മഹാരാജാവ് തിരുമനസ്സിലെ കോളേജ്, ഹൈസ്കൂൾ മുതലായ പല പ്രധാനപ്പെട്ട പാഠശാലകളിൽ മറ്റു ജാതിക്കാരോടൊപ്പം ഹരജി ക്കാർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ടെന്നുതന്നെയല്ല, കഴിവുള്ളി ടങ്ങളിലെല്ലാം ഇനിയും അധികം പള്ളിക്കൂടങ്ങളിൽ അവർക്കു പ്രവേ ശനം അനുവദിക്കപ്പെടുന്നതും ആണ്... ഈ എല്ലാ അവസ്ഥകളെ യും ആലോചിച്ചുനോക്കിയാൽ ഹരജിക്കാർക്ക് വാസ്തവമായ അസൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ല.

"... ബി. എ. പാസ്സായ ഒരു ഈഴവന് ഇഞ്ചിനീയർ, സഞ്ചായം മുതലായ വകുപ്പുകളിൽ ഉദ്യാഗത്തിന് അപേക്ഷിക്കാമെന്ന് ഈയിടെ കൊടുത്തിട്ടുള്ള ഇണ്ടാസ്മെന്റിൽനിന്നും സ്പഷ്ടമാകുന്നതാണ്. ഇപ്രകാരം സ്ഥിരീകൃതമായിരിക്കുന്ന ഉദ്ഗതിക്കുള്ള മാർഗം ഹരജി ക്കാരുടെ താൽക്കാലികവിദ്യാഭ്യാസസ്ഥിതിയിൽ സമുദായത്തിന്റെ



ആഗ്രഹങ്ങളെ നിർവഹിക്കുന്നതിനു വേണ്ടുവോളം മതിയാവു മെന്ന് ഗവണ്മെന്റ് ദൃഢമായി വിശ്വസിക്കുന്നു."

ഇതെല്ലാം ഒഴികഴിവുകൾ മാത്രമാണെന്നു വ്യക്തം.

സർക്കാർ ഉത്തരവുകൾ മൂലം സർക്കാർ വക പള്ളിക്കൂട ങ്ങളിൽ അവർണവിദ്യാർഥികൾ വന്നാൽ അവരെ സവർണവി ദ്യാർഥികളിൽനിന്ന് തീണ്ടാപ്പാടകലെയാണ് ഇരുത്തിയിരുന്ന തെന്നും അവർണവിദ്യാർഥികളെ ശിക്ഷിക്കേണ്ടിവരുമ്പോൾ 'എറിഞ്ഞടി' മുതലായ ഉപായങ്ങളിലൂടെ തീണ്ടാതെ തല്ലുന്നതിൽ സവർണാധ്യാപകർ ശ്രദ്ധിച്ചിരുന്നുവെന്നും മറയ്ക്കാനോ മറ ക്കാനോ സാധ്യമല്ല.

പിന്നീടും പല സ്കൂളുകളിലും ഈഴവരുൾപ്പെടെയുള്ള അവർണവിദ്യാർഥികൾക്ക് പ്രവേശം നിഷേധിച്ചുകൊണ്ടുള്ള അനേകം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ഇവയുടെ വിശദാംശങ്ങൾ പി. ഭാസ്കരനുണ്ണിയുടെ *പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം* എന്ന പുസ്തകത്തിൽ വിവ രിച്ചിട്ടുണ്ട്. 1895–ൽ ശ്രനാരായണഗുരു അന്ന് ചിന്നസ്വാമിയായ കുമാ രനാശാനെ ബാംഗളൂരിലേക്കു കൂട്ടിക്കൊണ്ടുപോയി മുൻപ് പരാമർശി ക്കപ്പെട്ട ഡോ. പി. പൽപ്പുവിനെ ഏൽപ്പിക്കുകയുണ്ടായി. ബാംഗളൂ രിലെ ജീവിതമാണ് കുമാരനാശാനെ ആധുനികനാക്കിയതെന്നു പറ യാം. കുമാരനാശാൻ അവിടെനിന്നു പരിചയപ്പെട്ടിട്ടുണ്ടായിരിക്കണം.

ഈ പശ്ചാത്തലത്തിലാണ് സ്വാമി വിവേകാനന്ദന്റെ ജാതിവ്യ വസ്ഥയെയും സ്ത്രീകളുടെ പദവിയെയും സംബന്ധിച്ച വിമർശ നവും നിരീക്ഷണവും പ്രസക്തമാകുന്നത്.

★

### 6. ജാതിവ്യവസ്ഥയും സ്ത്രീകളുടെ പദവിയും

ജാതിവ്യവസ്ഥയെക്കുറിച്ചും വിവേകാനന്ദൻ പ്രൊഫ. സുന്ദരരാമയ്യരോട് രൂക്ഷമായി വിമർശിച്ചുകൊണ്ട് സംസാരിച്ചു.

നിസ്വാർഥമായ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നിടത്തോളം കാലം, തന്റെ ജ്ഞാനവും സർവവും ഇതരജനങ്ങൾക്ക് ഉദാരമായി ദാനം ചെയ്യുന്ന കാലത്തോളം ബ്രാഹ്മണൻ ജീവിക്കും എന്ന് സ്വാമിജി പറഞ്ഞു. അദ്ദേഹത്തിന്റെ വാക്കുകൾ ഇവയാണ്: "ബ്രാഹ്മണൻ ഭാരതത്തിന് മഹത്തായ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഭാവിയിലെ ഭാരതത്തിനുവേണ്ടി മഹത്തായ കാര്യങ്ങൾ ചെയ്യാൻ അവൻ വിധിചോദിതനാവുന്നു."

തുടർന്ന് സ്വാമിജി സ്ത്രീകളുടെ പദവിയെയും വിവാഹത്തെയും കുറിച്ചുള്ള ശാസ്ത്രവിധികളിലും പരമ്പരാചാരങ്ങളിലും കൈകടത്തുന്നതിന് താൻ തികച്ചും എതിരാണെന്ന് പ്രഖ്യാപിച്ചു. താഴ്ന്ന ജാതിക്കാർക്കും സ്ത്രീകൾക്കും സംസ്കൃതവിദ്യാഭ്യാസം ലഭിക്കണമെന്നാണ് അദ്ദേഹത്തിന്റെ ദൃഢമായ അഭിപ്രായം. പുരാതനമായ ആധ്യാത്മികസംസ്കാരം അവർ ഉൾക്കൊള്ളുകയും മഹർഷിമാരുടെ ആധ്യാത്മികാദർശങ്ങൾ നടപ്പിലാക്കുകയും വേണം. അപ്പോൾ, മതസത്യങ്ങളെക്കുറിച്ച് അവർക്കു ലഭിച്ച അറിവിന്റെ വെളിച്ചത്തിലും തങ്ങളുടെ ആവശ്യങ്ങളെക്കുറിച്ചുള്ള ഉദ്ബുദ്ധമായ വീക്ഷണത്തിലൂടെയും അവർ തങ്ങളുടെ പദവിയെ സ്പർശിക്കുന്ന പ്രശ്നങ്ങളെ കൈകാര്യം ചെയ്യുകയും പരിഹാരം കാണുകയും ചെയ്തുകൊള്ളും.

സുന്ദരരാമയ്യർ പിന്നീട് തിരുവിതാംകൂറിലെ അന്നത്തെ നാട്ടുഭാഷാവിദ്യാഭ്യാസഡയരക്ടറായ എസ്. രാമറാവുവെ സ്വാമി വിവേകാനന്ദൻ തന്റെ വീട്ടിൽ അതിഥിയായുണ്ടെന്ന വിവരമറിയിച്ചു. രാമറാവു സ്വാമിജിയോട് ഇന്ദ്രിയനിഗ്രഹത്തെക്കുറിച്ച് തനിക്കു പറഞ്ഞുതരണമെന്ന് ആവശ്യപ്പെട്ടു. സ്ത്രീകളുടെ പദവിയെക്കുറിച്ചുള്ള സ്വാമിജിയുടെ അഭിപ്രായത്തോടൊപ്പം സ്ത്രീയെ നാം ആദരിക്കേണ്ടതെങ്ങനെയെന്നതിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ വ്യംഗ്യമധുരമായ കഥകൂടി കേൾക്കേണ്ടത് ആവശ്യമാണെന്നു തോന്നുന്നു.

*ശ്രീകൃഷ്ണകർണാമൃത*കർത്താവായ ലീലാശുകനെക്കുറിച്ച് സാധാരണ പറയാറുള്ള കഥയോട് വളരെ സാദൃശ്യമുള്ള ഒരു കഥ അദ്ദേഹം സരസമായി പറഞ്ഞുകേൾപ്പിച്ചു. കഥാനായകനെ വൃന്ദാവനത്തിൽ കൊണ്ടുപോകുന്നതും ഒരു സേട്ടിന്റെ മകളെ കാമദൃഷ്ട്യാ നോക്കിയതിന് അദ്ദേഹം തന്റെ കണ്ണു കുത്തിപ്പൊട്ടിക്കുന്നതും, ശ്രീകൃഷ്ണന്റെ ബാലലീലകൾകൊണ്ട് പവിത്രമായ സ്ഥലത്ത് ആയുഃശേഷം കഴിക്കാൻ തീർച്ചപ്പെടുത്തുന്നതുമായ കഥ. സ്വാമിജി കഥയവസാനിപ്പിച്ചത് ഇപ്രകാരമാണ്: "ബഹിർമുഖങ്ങളും അദമ്യങ്ങളുമായ ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച് മനസ്സ് ഈശ്വരാഭിമുഖമാക്കാൻ, വേണ്ടിവന്നാൽ, ഈ കടുംകൈ പോലും, കണ്ണു കുത്തിപ്പൊട്ടിക്കുകപോലും, സ്വീകരിക്കുകതന്നെ വേണം."



സ്വാമി വിവേകാനന്ദന്റെ ആ സരസകഥാകഥനത്തിലെ അവസാനരംഗത്തെപ്പറ്റി സുന്ദരരാമയ്യർ ഇരുപത്തൊന്നു വർഷങ്ങൾക്കു ശേഷം ഇപ്രകാരം അനുസ്മരിക്കുന്നു: "ആ അവസാനരംഗം ഗാന്ധർവകോവിദനായ കുംഭകോണം ശരഭശാസ്ത്രിയാരുടെ മോഹനവേണുഗാനത്തിന്റെ അനശ്വരനാദം പോലെ എന്റെ സ്മൃതിപഥത്തിൽ ഇന്നും തങ്ങിനിൽക്കുന്നു."

★

## 7. മന്മഥനാഥഭട്ടാചാര്യനും മാംസഭക്ഷണത്തിന്റെ പ്രാധാന്യവും

സ്വാമി വിവേകാനന്ദന്റെ ആവശ്യപ്രകാരം സുന്ദരരാമയ്യർ മദ്രാസിലെ എക്കൗണ്ടന്റ് ജനറലിന്റെ അസിസ്റ്റന്റായിരുന്ന മന്മഥനാഥഭട്ടാചാര്യന്റെ താമസസ്ഥലം അന്വേഷിച്ചു കണ്ടുപിടിച്ചു. അദ്ദേഹത്തെ കണ്ടതുമുതൽ ഉച്ചയൂണു കഴിയുന്നതുവരെ സ്വാമിജി ഭട്ടാചാര്യനോടൊപ്പമാണ്.

ഇതേപ്പറ്റി സൂചിപ്പിച്ചപ്പോൾ സുന്ദരരാമയ്യർക്ക് വിവേകാനന്ദനിൽനിന്നു സവിശേഷമായ ഒരു മറുപടിയാണ് കിട്ടിയത്: "ഞങ്ങൾ ബംഗാളികൾ സ്വജനസ്നേഹം കൂടുന്ന ഒരു വർഗമാണ്." ഭട്ടാചാര്യൻ സ്വാമിജിയുടെ സതീർഥ്യനായിരുന്നു. മാത്രമല്ല, അദ്ദേഹം കൽക്കത്താസർവകലാശാലയുടെ പ്രിൻസിപ്പലായിരുന്ന പണ്ഡിതമഹേശചന്ദ്രന്യായരത്നത്തിന്റെ മകനാണ്. തന്റെ ദക്ഷിണേന്ത്യൻ യാത്രയിലെല്ലാം താൻ ദാക്ഷിണാത്യബ്രാഹ്മണരുടെ അതിഥിയായിരുന്നു. അവരാരും മത്സ്യമാംസം കഴിക്കാത്തതുകൊണ്ട് വളരെ നാളായി തനിക്കു മത്സ്യം കഴിക്കാൻ കഴിഞ്ഞില്ലെന്നും താൻ പരിചയിച്ചുപോന്ന ആഹാരം കഴിക്കാൻ കിട്ടുന്ന അവസരം സസന്തോഷം ഉപയോഗപ്പെടുത്തുമെന്നുകൂടി സ്വാമിജി പറഞ്ഞു.

താൻ ഉടനെ മത്സ്യമാംസം കഴിക്കുന്നതിൽ തന്റെ വെറുപ്പ് പ്രകടിപ്പിച്ചപ്പോൾ, മാംസഭക്ഷണത്തെ ന്യായീകരിച്ചുകൊണ്ട് സ്വാമിജി സംസാരിച്ചു: പുരാതനഭാരതത്തിലെ ബ്രാഹ്മണർ മാംസം, ഗോമാംസം പോലും, കഴിച്ചിരുന്നു; യജ്ഞത്തിനും അതിഥികൾക്കു മധുപർക്കം കൊടുക്കുന്നതിനും പശുക്കളെയും മറ്റു മൃഗങ്ങളെയും കൊല്ലാൻ വിധിയുണ്ട്. ഹൈന്ദവശാസ്ത്രങ്ങൾ സിദ്ധാന്തപരമായി ആമിഷഭോജനം നിരുത്സാഹപ്പെടുത്തിയിരുന്നെങ്കിലും ബുദ്ധമതത്തിന്റെ ആവിർഭാവത്തിനും പ്രചാരത്തിനും ശേഷമാണ് മെല്ലെ മാംസഭക്ഷണം വർജ്യമായതെന്നും ഹിന്ദുജനതയുടെയും രാഷ്ട്രത്തിന്റെ പരാധീനതയ്ക്കും ദേശീയദൗർബല്യത്തിനും വഴി തെളിച്ച മുഖ്യകാരണങ്ങളിലൊന്ന് ഈ മാംസവർജനമാണെന്നും ആയിരുന്നു വിവേകാനന്ദന്റെ അഭിപ്രായം. ഇന്നത്തെ അധികാരമത്സരത്തിൽ – ബ്രിട്ടീഷ് സാമ്രാജ്യത്തിനകത്താകട്ടെ പുറത്താകട്ടെ – ഇന്ത്യയ്ക്ക് ഒപ്പം നിന്നു പൊരുതണമെങ്കിൽ ഹിന്ദുക്കൾ മാംസഭക്ഷണം നിർബാധം സ്വീകരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

തിരുവനന്തപുരം ഹജൂർ കച്ചേരിയിൽ പേഷ്കാരായിരുന്ന



പിറവിപെരുമാൾ പിള്ള വിവിധമതങ്ങളിൽ സ്വാമിജിക്ക് എത്ര കണ്ട് അറിവുണ്ടെന്നളക്കാൻവേണ്ടി അദ്ദേഹത്തിന്റെ അടുക്കൽവന്ന് അദ്വൈതവേദാന്തത്തെ നിരാകരിച്ചുകൊണ്ട് വാദിക്കാൻ തുടങ്ങി. വളരെ വൈകാതെതന്നെ തന്റെ അല്പത്തരം ബോധ്യപ്പെട്ട് ആചാര്യനായ സ്വാമിജിയിൽനിന്ന് തനിക്ക് പ്രയോജനപ്രദമായ പലതും ഗ്രഹിക്കാൻ തയ്യാറായി. സന്ദർശകനറിയാതെ മനംമാറ്റം സാധിച്ച് തന്റെ ഉപദേശം ഗ്രഹിപ്പിക്കാനുള്ള വിവേകാനന്ദന്റെ അത്ഭുതശക്തിയാണ് നാമിവിടെ കാണുന്നത്. ഈ സന്ദർഭത്തിൽ ബുദ്ധന്റെ വൈരാഗ്യം വർണിക്കുന്ന ചില ശ്ലോകങ്ങൾ സ്വാമിജി *ലളിതവിസ്തര*മെന്ന ഗ്രന്ഥത്തിൽനിന്ന് ഉദ്ധരിക്കുകയുണ്ടായി. വിവേകാനന്ദന്റെ മനോമോഹനമായ കവിതാകീർത്തനം പിള്ളയുടെ ഹൃദയമലിയിച്ചു. ശ്രോതാവിന്റെ അനുകൂലമനോഭാവമുപയോഗിച്ച് സ്വാമിജി ബുദ്ധന്റെ മഹത്തായ ത്യാഗത്തെയും ഗാഢമായ തത്വാന്വേഷണത്തെയും ബുദ്ധത്വപ്രാപ്തിയെയും നാല്പത്തഞ്ചുകൊല്ലക്കാലത്തെ ധർമചക്രപ്രവർത്തനത്തെയും പറ്റി മറക്കാനാവാത്ത ഒരു മുദ്ര പിള്ളയുടെ മനസ്സിൽ പതിപ്പിച്ചു. ഒരു മണിക്കൂറോളം നീണ്ട ആ സംഭാഷണത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് പിറവിപെരുമാൾ പിള്ള മനസ്സില്ലാമനസ്സോടെ യാത്ര പറഞ്ഞു.

താൻ ചിക്കാഗോവിൽ നടക്കാനിരിക്കുന്ന മതമഹാസമ്മേളനത്തിൽ സംബന്ധിക്കുന്ന കാര്യം വിവേകാനന്ദൻ സുന്ദരരാമയ്യരോട് പറഞ്ഞിരുന്നു. അയ്യർ ഒരു പൊതുയോഗത്തിൽ പ്രസംഗിക്കാൻ സ്വാമിജിയോടപേക്ഷിച്ചപ്പോൾ, തനിക്കു പ്രസംഗിച്ച് പരിചയമില്ലെന്നും അങ്ങനെ ചെയ്താൽ അപഹാസ്യനാകാനിടയുണ്ടെന്നുമായിരുന്നു അദ്ദേഹത്തിന്റെ മറുപടി. പിന്നെയെങ്ങനെ ചിക്കാഗോവിൽ പ്രസംഗിക്കുമെന്നായി സുന്ദരരാമയ്യർ. ശരിയായ ഉത്തരം നൽകാതെ സ്വാമിജി ഒഴിഞ്ഞു മാറിയതുപോലെയാണ് തോന്നിച്ചത്. തന്നെ ഒരു പ്രതിപുരുഷനാക്കണമെന്നാണ് ഈശ്വരനിശ്ചയമെങ്കിൽ, സത്യത്തിനും പവിത്രജീവിതത്തിനും വേണ്ടി എന്തെങ്കിലും സേവനമനുഷ്ഠിക്കാൻ തന്നെ ഒരുപകരണമാക്കണമെന്നാണ് ഈശ്വരേച്ഛയെങ്കിൽ, അദ്ദേഹം തീർച്ചയായും അതിനാവശ്യമുള്ള അനുഗ്രഹങ്ങളും കഴിവുകളും തന്നരുളുമെന്ന വിവേകാന്ദന്റെ മറുപടി കേട്ടപ്പോൾ സുന്ദരരാമയ്യർ ഈശ്വരന്റെ അത്തരം ഇടപെടാനുള്ള കഴിവിൽ സംശയം പ്രകടിപ്പിച്ചു. നിത്യാനുഷ്ഠാനങ്ങളിലും വാക്കിലും താൻ തനി യാഥാസ്ഥിതികഹിന്ദുവായിരുന്നെങ്കിലും പ്രപഞ്ചകാര്യങ്ങളുടെ സുഗമമായ നടത്തി

പ്പിനുവേണ്ടി ഇടപെടുന്ന കാര്യത്തിൽ ഈശ്വരന്റെ ശക്തിക്ക് അതിരു കല്പിക്കുന്ന ഞാൻ ഉള്ളാലെ ഒരവിശ്വാസിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഇന്ത്യൻ നരവംശശാസ്ത്രത്തിൽ വലിയ പ്രാധാന്യമുള്ള ഒരു പ്രശ്നത്തിലും സുന്ദരരാമയ്യരും വിവേകാന്ദനും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായതിനും ഒരുദാഹരണമുണ്ട്: ബ്രാഹ്മണരുടെ നിറം കറുത്തുകാണുന്നിടത്തൊക്കെ തീർച്ചയായും ദ്രാവിഡരുമായി കൂടിക്കലർപ്പുണ്ടായിട്ടുണ്ട് എന്ന് സ്വാമിജി അഭിപ്രായപ്പെട്ടു. നിറമധികവും മാറിക്കൊണ്ടിരിക്കുന്ന ഒരു ഘടകമാണെന്നും നിറം കാലാവസ്ഥ, ആഹാരം, തൊഴിൽ എന്നിവയെ ആശ്രയിച്ചാണിരിക്കുന്നതെന്നുമാണ് ആതിഥേയന്റെ അഭിപ്രായം. ഈ അഭിപ്രായത്തോട് സ്വാമിജി യോജിച്ചില്ല. മാനവവർഗത്തിലെ ഇതരവർഗങ്ങളെപ്പോലെ ബ്രാഹ്മണരും ഒരു സങ്കരവർഗമാണെന്നും അവരുടെ വംശശുദ്ധിവാദം ഒട്ടുമുക്കാലും പൊള്ളയാണെന്നും അദ്ദേഹം വാദിച്ചു.

തന്റെ വീട്ടിലെ വിവേകാനന്ദന്റെ താമസത്തെപ്പറ്റി പ്രൊഫ. സുന്ദരരാമയ്യർ അനുസ്മരിക്കുന്നു: "സ്വാമി ഞങ്ങളുടെകൂടെ താമസിച്ച കാലമത്രയും വീട്ടിലുള്ള സകലരുടെയും ഹൃദയം അദ്ദേഹം കവർന്നു. സകലരിലും അദ്ദേഹം വാത്സല്യവും മാധുര്യവും ആശിസ്സും പൊഴിച്ചു. എന്റെ മക്കൾ മിക്കപ്പോഴും അദ്ദേഹത്തിന്റെകൂടെ ആയിരുന്നു. അവരിൽ ഒരുവൻ ഇപ്പോഴും സ്വാമിയുടെ പേരിലാണ് ആണയിടുന്നത്. അവന് സ്വാമിയുടെ സന്ദർശനത്തെയും വ്യക്തിപ്രഭാവത്തെയും കുറിച്ച് സ്നേഹമസൃണവും സുവ്യക്തവുമായ സ്മരണകളുണ്ട്. സ്വാമി ഏതാനും തമിഴ് വാക്കുകൾ പഠിച്ച് ഞങ്ങളുടെ വീട്ടിലെ പാചകബ്രാഹ്മണനുമായി തമിഴിൽ സംസാരിച്ചു രസിച്ചിരുന്നു. അദ്ദേഹം പിരിഞ്ഞപ്പോൾ ഞങ്ങളുടെ ഗൃഹത്തിൽനിന്നും വെളിച്ചം പൊയ്പ്പോയതായി കുറേ നാളത്തേക്കു തോന്നി."

പ്രൊഫ. സുന്ദരരാമയ്യരുടെ വീട്ടിൽ ഒൻപതു ദിവസത്തെ താമസത്തിനുശേഷം വിവേകാനന്ദൻ രാമേശ്വരത്തേക്കു പുറപ്പെട്ടു. ഐതിഹ്യമനുസരിച്ച് ശ്രീരാമൻ ക്ഷേത്രപ്രതിഷ്ഠ നടത്തിയ രാമേശ്വരം സന്ദർശിച്ചതിൽ അദ്ദേഹം അതീവ കൃതാർഥനായി.

★



### 8. കന്യാകുമാരിയിലെ ധ്യാനോദയം

അടുത്തതായി, അന്ന് കേരളത്തിന്റെയും അന്നും ഇന്നും ഇന്ത്യയുടെയും തെക്കേ അറ്റമായ കന്യാകുമാരിയിലേക്കാണ് വിവേകാനന്ദൻ പോയത്. ഒരു കുട്ടിക്ക് അമ്മയെ കാണാനുള്ള ഉത്സാഹത്തോടു കൂടിയാണ് അദ്ദേഹം ദേവീസമീപത്തിലെത്തിയത്. ദർശനത്തിനു ശേഷം ദേവിയ്ക്കഭിമുഖമായി സമുദ്രത്തിൽ തലയുയർത്തി നിൽക്കുന്നപാറപ്പുറത്തേക്ക് അദ്ദേഹം നീന്തി. ആ പാറപ്പുറത്ത് അദ്ദേഹം ധ്യാനത്തിൽ മുഴുകി. സ്വാമിജിയുടെ ജീവചരിത്രകാരനായ സിദ്ധിനാഥാനന്ദസ്വാമി പറയുന്നു: "സ്വമാതൃഭൂമിയുടെ വർത്തമാന സ്ഥിതിയെയും ഭാവിരൂപത്തെയും കുറിച്ച്, ഭാരതത്തിന്റെ അധഃപതനത്തിന്റെ മൂലകാരണത്തെക്കുറിച്ച്, അദ്ദേഹംആലോചിച്ചു. മഹനീയതയുടെ മണിമാളികമുകളിൽനിന്നും ദയനീയതയുടെ അടിത്തട്ടിലേക്ക് അവൾ വീഴാനുള്ള കാരണമെന്തെന്ന് ഒരു ക്രാന്തദർശിയുടെ സൂക്ഷ്മദൃഷ്ടിയോടെ അദ്ദേഹം കണ്ടെത്തി. ഭിക്ഷാംദേഹിയായി നടന്ന പരിവ്രാജകൻ, ഒരു വലിയ പരിഷ്കർത്താവും ശക്തനായ സംഘാടകനും മഹാനായ ദേശനിർമാണപടുവുമായി മാറി. അവിടെ ആ പാരാവാരത്തിന്റെ ഏകാന്തതയിൽ ഭാരതവർഷത്തിന്റെ പ്രയോജനവും പ്രാപ്യവും എന്തെന്ന് അദ്ദേഹം ചിന്തിച്ചു. വംഗമോ പഞ്ചനദമോ മഹാരാഷ്ട്രമോ ആയിരുന്നില്ല അദ്ദേഹത്തിന്റെ ധ്യേയദേവത. ഭാരതവും അവളുടെ പ്രാണനും ആയിരുന്നു ആ യതിരാജന്റെ ധ്യാനമൂർത്തി."

ഇന്ത്യയുടെ ഭൂതകാലചരിത്രം മുഴുവൻ വിവേകാനന്ദന്റെ മുൻപിൽ അണി നിരന്നു. ഇന്ത്യൻ സംസ്കാരത്തിന്റെ ഏറ്റവും പുതിയ അവസ്ഥയും ശോഭനമായ ഭാവിയും അദ്ദേഹം വിഭാവനം ചെയ്തു. ഒരു ശില്പകലാവിദഗ്ധൻ ഒരു സൗധത്തിന്റെ സംവിധാനത്തെ പ്രത്യവയവം മനക്കണ്ണാടിയിൽ കാണുംപോലെ സ്വാമിജി ഇന്ത്യയെ സാംഗോപാംഗമായും സമഷ്ടിരൂപത്തിലും ദർശിച്ചു. ഇന്ത്യയിലെ ജനകോടികളുടെ ദേഹിയും ദേഹവുമെല്ലാം ആധ്യാത്മികതയാണെന്ന് അദ്ദേഹം കണ്ടു. 'അത്യുച്ചമായ ആധ്യാത്മികബോധത്തിന്റെ പുനരുദ്ധാരണവും പുനഃപ്രതിഷ്ഠയും കൊണ്ടു മാത്രമേ – എക്കാലവും ഭാരതത്തെ മാനവരാശിയുടെ ഈറ്റില്ലവും ധർമത്തിന്റെ അവകാശിയുമാക്കിയിരുന്ന ആ ആധ്യാത്മികതയുടെ പുനരുജ്ജീവനംകൊണ്ടു മാത്രമേ – ഭാരതം ഉണർന്നെഴുന്നേൽക്കൂ' എന്നദ്ദേഹം തന്റെ ഹൃദയത്തിന്റെ ഏകാന്തതയിൽ കണ്ടറിഞ്ഞു. മാതൃഭൂമിയുടെ മഹത്വവും ദൗർബല്യങ്ങളും സ്വാമിജി മനസ്സിലാക്കി. സ്വന്തം വ്യക്തിത്വം നഷ്ടപ്പെട്ടു എന്നതായിരുന്നു ദൗർബല്യങ്ങളിൽ മുഖ്യം. ആർഷസംസ്കാ

രത്തിന്റെ പുനഃപ്രസ്താവന മാത്രമാണ് അതിനു പരിഹാരം. ഇന്ത്യയുടെ അധഃപതനത്തിന് മതമല്ല കാരണം. പിന്നെയോ? ശരിയായ മതത്തെ ആരും എങ്ങും പിന്തുടരുന്നില്ല എന്നതാണ്.

നീറുന്ന ഹൃദയത്തോടെ ഇന്ത്യൻ ജനതയുടെ പട്ടിണിയെക്കുറിച്ച് അദ്ദേഹം ചിന്തിച്ചു. ജനങ്ങളില്ലാത്ത ധർമം കൊണ്ടെന്തു കാര്യം? കാലചക്രത്തിരിച്ചലിൽ അധികാരത്തിൽ കടന്നുകൂടിയ വർഗങ്ങളൊക്കെ അനേകം നൂറ്റാണ്ടുകളായി എങ്ങും എന്നും ദീനരെയും ദരിദ്രരെയും അടിച്ചമർത്തുകയും ചവിട്ടിത്താഴ്ത്തുകയും ചെയ്തിട്ടേ ഉള്ളൂ. പുരോഹിതവർഗത്തിന്റെ സ്വേച്ഛാധിപത്യം, ജാതിയുടെ ദുഷ്പ്രഭുത്വം, ജനതയുടെ ഭൂരിപക്ഷത്തെ അധഃകൃതവർഗമായി അകറ്റി നിർത്തുമാറ് ഇവ സമുദായമധ്യത്തിൽ വരുത്തിക്കൂട്ടിയ കടുത്ത അതിർവരമ്പുകൾ എന്നിവ ഇന്ത്യയുടെ പുരോഗമനമാർഗത്തിൽ ദുരതിക്രമമായ ദുർഘടങ്ങളത്രേ. അദ്ദേഹത്തിന്റെ ഹൃദയം സാമാന്യജനങ്ങളുടെ ഹൃദയത്തുടിപ്പിനോടൊപ്പം തുടിച്ചു. അത്യുച്ചമായ ഏതോ സഹഭാവത്തിലൂടെ അദ്ദേഹം ഇന്ത്യയിലെ ദരിദ്രരും മർദിതരുമായ മൂകലക്ഷങ്ങളോട് തന്മയീഭാവം പ്രാപിച്ചതായി കാണപ്പെട്ടു. അവരുടെ ദുഖത്തിൽ അദ്ദേഹത്തിന്റെ നെഞ്ചു നീറി. അവരുടെ അപമാനത്തിൽ അദ്ദേഹം അപമാനിതനായി. അവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളാൻ അദ്ദേഹത്തിന്റെ വിശാലഹൃദയം വെമ്പലാർന്നു. ധർമസംരക്ഷകരെന്നു സ്വയം അഭിമാനിക്കുന്നവർ യുഗയുഗാന്തരങ്ങളായി ഈ മൂകമാനവരാശിയെ അമർത്തിത്താഴ്ത്തിയതിനെക്കുറിച്ചാലോചിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രാണൻ പിടഞ്ഞു. മാസങ്ങൾക്കുശേഷം അദ്ദേഹം ഇങ്ങനെ ഒരു കത്തിലെഴുതിക്കാണുന്നു: “ഇതൊക്കെ ആലോചിച്ചിട്ട്, വിശേഷിച്ച് ദാരിദ്ര്യത്തെയും അജ്ഞതയെയും കുറിച്ചു വിചാരിച്ച്, എനിക്ക് ഉറക്കം വന്നില്ല. കന്യാകുമാരിയിൽ, കുമാരീദേവിയുടെ ശ്രീകോവിലിൽ, ഭാരതത്തിന്റെ പ്രാന്തശിലാതലത്തിൽ ഇരുന്നുകൊണ്ട് ഞാനൊരു പരിപാടി ആസൂത്രണം ചെയ്തു. നാം, നിരവധി സന്യാസിമാർ, ജനങ്ങളെ വേദാന്തവും പഠിപ്പിച്ചുകൊണ്ട്, ചുറ്റിനടക്കുന്നുണ്ട് – അതൊക്കെ പച്ചക്കിറുക്കാണ്. ‘വെറും വയറ്റിൽ മതം ചെല്ലുകയില്ല’ എന്നു നമ്മുടെ ഗുരുദേവൻ പറയാറില്ലേ? ആ പാവപ്പെട്ടവർ മൃഗങ്ങൾക്കു തുല്യമായ ജീവിതം നയിക്കുന്നത് അജ്ഞതകൊണ്ടു മാത്രമാണ്. എക്കാലവും നാം അവരുടെ ചോര ഊറ്റിക്കുടിക്കുകയും അവരെ ചവിട്ടിമെതിക്കുകയുമാണ് ചെയ്തുവന്നിരുന്നത്.”

ത്യാഗവും സേവനവുമേ ഇതിനു പ്രതിവിധിയായുള്ളൂ എന്നു സൂക്ഷ്മദർശിയായ സ്വാമിജി കണ്ടുപിടിച്ചു. ദേശീയജീവിതപ്രവാഹത്തെ ഈ വഴിക്കു തിരിച്ചുവിടാമെങ്കിൽ ബാക്കിയൊക്കെ തനിയേ



ശരിയായിക്കൊള്ളും. ത്യാഗമായിരുന്നു ഭാരതത്തിൽ എക്കാലവും മഹത്തായ ശക്തികേന്ദ്രം. അതിനാൽ മർദിതമാനവരാശിയുടെ യോഗക്ഷേമങ്ങൾക്കുവേണ്ടി വാദിക്കാനും പ്രവർത്തിക്കാനും വിവേകാനന്ദൻ ത്യാഗവ്രതം സ്വീകരിച്ചവരുടെ നേർക്കാണു നോക്കിയത്. അദ്ദേഹം അതിനൊരു പദ്ധതി ആവിഷ്കരിച്ചു. മുൻപറഞ്ഞ എഴുത്തിൽ വിവേകാനന്ദൻ തുടരുന്നു: “അനാസക്തരായ ചില സന്യാസിമാർ, പരോപകാരം ചെയ്യാൻ കച്ച കെട്ടി, വിദ്യാഭ്യാസവും വിതരണം ചെയ്തുകൊണ്ട് ഗ്രാമം തോറും സഞ്ചരിക്കുന്നുവെങ്കിൽ ഭൂപടം, ക്യാമറ, ഭൂഗോളമാതൃക മുതലായ ഉപകരണങ്ങളുടെ സഹായത്തോടെ വായ്മൊഴിവഴി, ആചണ്ഡാലം സകലജനങ്ങളുടെയും ഉന്നമനത്തിനായി നാനാമാർഗങ്ങളിൽക്കൂടി പ്രവർത്തിക്കുന്ന പക്ഷം, അത് യഥാകാലം ശ്രേയസ്സ് കൈവരുത്തുകയില്ലേ? ഈ ചെറുകത്തിൽ ഈവക പരിപാടികളൊക്കെ വിവരിക്കാൻ എനിക്കാവില്ല. ഇതിന്റെയൊക്കെ രത്നച്ചുരുക്കമിതാണ്: തെളിച്ച വഴിയേ പോയില്ലെങ്കിൽ പോയ വഴിയേ തെളിക്കണം. പള്ളിക്കൂടങ്ങളിലും പാഠശാലകളിലും വരാൻ പാവങ്ങൾക്ക് പട്ടിണികൊണ്ട് കഴിയുന്നില്ല. കവിതയും ആവക കാര്യങ്ങളും പഠിച്ചതുകൊണ്ട് അവർക്കൊരു പ്രയോജനവുമില്ല. ഒരു ജനതയെന്ന നിലയ്ക്ക്, നമുക്ക് നമ്മുടെ വ്യക്തിത്വം നഷ്ടപ്പെട്ടുപോയി. ഭാരതത്തിന്റെ വിനകൾക്കെല്ലാം മൂലം അതാണ്. ജനതയുടെ നഷ്ടപ്പെട്ട വ്യക്തിത്വം വീണ്ടുകൊടുക്കണം. ജനസാമാന്യത്തെ ഉയർത്തണം. ഹിന്ദുവും മഹമ്മദീയനും ക്രിസ്ത്യാനിയും സകലരും അവരെ കാൽക്കീഴിലിട്ടു ചവിട്ടി ഞെരിച്ചിട്ടുണ്ട്. ഇനി അവരെ ഉയർത്താനുള്ള ശക്തിയും അകത്തുനിന്നുതന്നെ വരണം. അതായത്, യാഥാസ്ഥിതികഹിന്ദുക്കളിൽനിന്ന്. ഏതു രാജ്യത്തും തിന്മ പുലർത്തുന്നത് മതത്തിനകത്തല്ല. അതിനെതിരെയാണ്. അതിനാൽ മതമല്ല തെറ്റുകാരൻ; മനുഷ്യനാണ്.”

കനത്തിരുണ്ട നൈരാശ്യത്തിന്നിടയിലും വിവേകാനന്ദന് വെളിപാടിന്റെ വെളിച്ചം ലഭിച്ചു. ഇന്ത്യയിലെ സാമാന്യജനങ്ങളെ ഉയർത്താനുള്ള പരിപാടിയിൽ തന്നെ തുണയ്ക്കാൻ തയ്യാറായി ഓരോ നഗരത്തിലും ചുരുങ്ങിയത് ഒരു ഡസൻ യുവാക്കളെങ്കിലും മുന്നോട്ടുവരുമെന്ന് തന്റെ ഭാരതപര്യടനത്തിനിടയിൽ അദ്ദേഹത്തിന് കാണാൻ കഴിഞ്ഞു. എന്നാൽ അതിനു വേണ്ട പണം കിട്ടാൻ സഹായത്തിന്നപേക്ഷിച്ചുവെങ്കിലും വാക്സഹായം മാത്രമേ ലഭിച്ചുള്ളൂ. സ്വാമിജി പിന്നീടൊരിക്കൽ ഇവരെപ്പറ്റി എഴുതിയത്, സ്വാർഥമൂർത്തികളായ അവർ എന്തെങ്കിലും ചെലവാക്കുമോ എന്നാണ്. നൈരാശ്യനിമഗ്നനായ അദ്ദേഹം കരകാണാക്കടലിലേക്ക് ഉറ്റുനോക്കി. നേരിയ ഒരാശാ

കിരണം അദ്ദേഹത്തിന്റെ കൺമുൻപിലൂടെ പാഞ്ഞുപോയതായി തോന്നി.

അതെ. വിവേകാനന്ദൻ കടൽ താണ്ടി അമേരിക്കയിൽ പോകും. ഇന്ത്യൻ ജനതയുടെ പേരിൽ അവിടത്തെ നാട്ടുകാരുടെ തുണ തേടും. അവിടെ ചെന്ന് തന്റെ ബുദ്ധിപ്രഭാവത്താൽ പണം സമ്പാദിക്കും. മടങ്ങിവന്ന് മാതൃഭൂമിയുടെ ഉന്നമനത്തിനുവേണ്ടിയുള്ള പരിപാടി നടപ്പിൽ വരുത്തുന്നതിനായി ജീവിതം സമർപ്പിക്കും. അഥവാ, അതിനുള്ള ഉദ്യമത്തിൽ മരണം വരിക്കും. തന്റെ കർമപരിപാടിയിൽ ലോകത്തിലാരും ഒരു സഹായവും തന്നില്ലെങ്കിലും ശ്രീരാമകൃഷ്ണപരമഹംസൻ തനിക്കു വഴി കാട്ടുമെന്ന് സ്വാമിജിക്ക് നല്ല ഉറപ്പുണ്ടായിരുന്നു.

വിവേകാനന്ദന്റെ ജീവചരിത്രകാരനായ സിദ്ധിനാഥാനന്ദസ്വാമിയുടെ ഭാഷയിൽ, "അതെ, ഭാരതജനതയുടെ ഉന്നമനത്തെക്കുറിച്ചുള്ള നെടുനാളത്തെ ചിന്തയുടെയും ധ്യാനത്തിന്റെയും പര്യവസാനം ഇവിടെ കന്യാകുമാരിയിൽ ആയിരുന്നു. മൂകലക്ഷങ്ങളോട് ചെയ്യുന്ന കടുംകൈകൾ അവസാനിപ്പിക്കാനുള്ള ആഗ്രഹത്തിന്റെയും ആലോചനയുടെയും ഉച്ചകോടി ഇവിടെയായിരുന്നു. കണ്ണുനീരിൽ കുതിർന്ന അദ്ദേഹത്തിന്റെ കൺകൾ അലയാഴിയുടെ എതിർകരയിലേക്കു നോക്കി. അദ്ദേഹത്തിന്റെ ഹൃദയം മഹത്തായ ഒരു പ്രാർഥനയുമായി ഗുരുദേവന്റെയും ജഗജ്ജനനിയുടെയും കാൽത്താരിലേക്കു കുതിച്ചു. ഈ നിമിഷം മുതൽ സ്വാമിജിയുടെ ജീവിതം മാതൃഭൂമിയുടെ സേവനത്തിന് – വിശേഷിച്ചും ദീനനാരായണന്മാരുടെയും ദരിദ്രനാരായണന്മാരുടെയും മർദിതനാരായണന്മാരുടെയും സേവനത്തിന് – സമർപ്പിതമായി. ഈ മഹനീയമുഹൂർത്തത്തിൽ, ഭാരതജനതയുടെ സേവനത്തിനുവേണ്ടി ആത്മാഹുതിയർപ്പിക്കുകയെന്ന സർവാതിശായിയായ ആ ആദർശത്തിനു മുൻപിൽ നിർവികല്പസമാധിയിലെ ബ്രഹ്മാനുഭൂതിയും തജ്ജന്യമായ ആനന്ദവും അദ്ദേഹത്തിന് പരമാദരണീയമായി തോന്നിയില്ല. ആ പുരുഷോത്തമന്റെ വിശ്വരൂപം, അപാരകാരുണികനും സർവഭൂതസുഹൃത്തും സമദർശനനുമായ ആ വിശ്വവിധാതാവിന്റെ വിശ്വരൂപം, അദ്ദേഹം ദർശിച്ചു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ മതം മാനവപ്രയത്നത്തിന്റെ ഒരു പ്രത്യേകമണ്ഡലമായിരുന്നില്ല. വേദം, ഉപനിഷത്ത്, ധർമം, തപസ്സ്, ധ്യാനം, യോഗം, സമാധി, ആത്മദർശനം ഇവ മാത്രമല്ല, ജനതയുടെ ഹൃദയം, ജീവിതം, ആശ, നൈരാശ്യം, ദീനത, ദാരിദ്ര്യം, ദുരവസ്ഥ, ശോകം, വിഷാദം ഇവയും മതത്തിന്റെ പരിധിയിൽ ഉൾപ്പെടും. വേദവും ധർമവുമൊക്കെ വിരാട്പുരുഷന്റെ അവയവഭൂതരായ സാധാരണജനങ്ങളെക്കൂടാതെയാണെ



ങ്കിൽ വെറും പുല്ലാണ് പരമേശ്വരസന്നിധിയിൽ എന്നദ്ദേഹം കണ്ടു. താപതപ്തരായ സമസൃഷ്ടങ്ങളെക്കൂടാതെയുള്ള മോക്ഷസുഖം തനിക്കു വേണ്ട എന്നു പ്രസ്താവിച്ച പ്രഹ്ലാദനോടൊപ്പം ഈ മഹാനുഭാവന്റെ ഹൃദയവും തുടിച്ചു.

പ്രായേണ ദേവമുനയഃ സ്വവിമുക്തികാമാഃ
മൗനം ചരന്തി വിജനേ ന പരാർഥനിഷ്ഠാഃ
നൈതാൻ വിഹായ കൃപണാൻ വിമുമുക്ഷ ഏകോ
നാന്യം ത്വദസ്യ ചരണം ഭ്രമതോനുപശ്യേ (*ഭാഗവതം*, 7. 9. 44)

'അല്ലയോ നരസിംഹമൂർത്തേ, മാമുനികൾ സ്വന്തം മുക്തി മാത്രം കാംക്ഷിച്ച് വനാന്തരങ്ങളിൽ ഏകാന്തസാധനയിൽ ഏർപ്പെടുന്നു. ദീനരായ ഇവരെ വെടിഞ്ഞ് ഒറ്റയ്ക്കുള്ള മോക്ഷത്തിനായി ഞാൻ കാംക്ഷിക്കുന്നില്ല. സന്താപത്തിൽ കിടന്നു കറങ്ങുന്ന ഈ ലോകത്തിനു ശരണം അങ്ങല്ലാതെ വേറാരുമില്ല.' ഇതുമാതിരിയൊരു സർവമുക്തിക്കുവേണ്ടിയാണ് സ്വാമിജിയുടെ അന്തരാത്മാവും ദാഹിച്ചത്. അതെ, കന്യാകുമാരിയിൽ, ദേവീസവിധത്തിൽ, സ്വാമിജി ഭാരതമാതാവിന്റെ ആരാധകനും ജഗദീശ്വരിയുടെ ആരാധകനുമായിത്തീർന്നു. ദക്ഷിണേശ്വരത്ത് ഗുരുദേവനിൽക്കൂടി ഭവതാരിണീദേവി ഭരമേല്പിച്ച കർത്തവ്യം എന്തെന്ന് കുമാരികാദേവിയുടെ സന്നിധിയിൽവെച്ച് ഈ ഭാരതപുത്രന് സുവ്യക്തമായി."

കന്യാകുമാരിയിലിരുന്നുകൊണ്ടുള്ള ആ ധ്യാനത്തിന്റെ ഫലമായി വിവേകാനന്ദൻ പടിഞ്ഞാറൻ നാടുകളിലേക്കു പോകാൻ തീരുമാനിച്ചു. സ്വന്തം മേന്മയിൽ അഹങ്കരിക്കുന്നതും ആത്മാഭിമാനവിജൃംഭിതവും സ്വാർഥലോലുപവുമായ പാശ്ചാത്യലോകത്തെ, ഭാരതീയസന്ദേശത്തിൽകൂടി പ്രകാശിക്കുന്ന പൗരസ്ത്യാനുഭൂതിയുടെ മുൻപിൽ തല കുനിപ്പിക്കും. മനുഷ്യജന്മത്തിന്റെ പരമലക്ഷ്യമായി കണ്ട് സർവവും ഉപേക്ഷിച്ച് യാതൊന്നിനുവേണ്ടി യോഗികൾ ധ്യാനത്തിൽ മുഴുകുന്നുവോ, യാതൊന്നിന്റെ സാക്ഷാത്കാരം അവർക്ക് പരമാനന്ദവും ഉൾക്കാഴ്ചയും നൽകുന്നുവോ, അത് അതിന്റെ പരിപൂർണരൂപത്തിൽ അദ്ദേഹം പാശ്ചാത്യർക്കു മുൻപിൽ പ്രദർശിപ്പിക്കും. താനും അനുയായികളും കാണിച്ചുകൊടുക്കുന്ന ഈ പ്രബോധനമാർഗത്തിലൂടെ ഭാരതം ഉണരുകയും ഉയരുകയും ചെയ്യും. ലോകമാകെ പ്രകാശം പരത്തുന്ന സൂര്യനെപ്പോലെ ഇന്ത്യ വീണ്ടും ഉജ്ജ്വലമായി പ്രകാശിക്കും. വിശ്വകുടുംബത്തിലെ സ്വസഹോദരങ്ങളുടെ മോക്ഷത്തിനുവേണ്ടി നിർവികല്പസമാധിയിലെ നിരതിശയാനന്ദം പോലും കൈവെടിയാൻ ആ ബോധിസത്വൻ സന്നദ്ധൻ. ദീർഘകാലത്തെ കഠിനതപസ്സിന്റെ ഫലമായി ഇപ്പോഴിതാ, തന്റെ ജീവിതത്തിലെ

അത്ഭുതദർശനങ്ങളിലൊന്നിൽകൂടി ശ്രീരാമകൃഷ്ണപരമഹംസന്റെ സങ്കല്പം സ്വാമി വിവേകാനന്ദന്റെ കൺമുന്നിൽ സ്ഫുടമായി തെളിഞ്ഞുകാണുന്നു. പിൽക്കാലത്തൊരിക്കൽ തന്നെ 'സംക്ഷിപ്ത ഭാരതം' എന്നു സ്വയം വിളിച്ചത് എല്ലാ പ്രകാരത്തിലും അന്വർഥമാകുന്നു.

ഭാരതീയചിന്താലോകത്തിലെ ഐക്യം കണ്ടുപിടിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ അന്വേഷണത്തിലെ ഏറ്റവും മുഖ്യമായ ഭാഗം. വിവിധങ്ങളും വിരുദ്ധങ്ങളുമായ ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും അടിത്തറയായി ആധ്യാത്മികലക്ഷ്യത്തിന്റെ ഐക്യം നിലകൊള്ളുന്നതായി അദ്ദേഹം കണ്ടെത്തി. മഹമ്മദീയലോകവും ഹൈന്ദവലോകവും തമ്മിലുള്ള വ്യത്യാസം കേവലം ബാഹ്യമെന്നും ഒരു ജനതയെന്ന നിലയിൽ മഹമ്മദീയർ ഹിന്ദുക്കളെപ്പോലെത്തന്നെ ഉദാരരും സ്നേഹസമ്പന്നരും ആണെന്നും അവരിൽ സംസ്കൃതചിത്തരായവർ ഹൈന്ദവസംസ്കാരത്തിന്റെ മഹത്വം മനസ്സിലാക്കുകയും സൂഫിസത്തിന് ഹിന്ദുക്കളുടെ വേദാന്തത്തോടും മറ്റു മതപരവും സാമുദായികവുമായ ആചാരങ്ങളോടും ഉള്ള ഉറ്റ ബന്ധത്തെ കാണുകയും വിലമതിക്കുകയും ചെയ്യുന്നുണ്ടെന്നും സ്വാമിജി കണ്ടുപിടിച്ചു. അതിനാൽ ഹിന്ദുക്കളും മഹമ്മദീയരും ആദ്യം ഭാരതീയർ, പിന്നെ മറ്റെന്തെങ്കിലും, എന്ന നിലയിൽ അദ്ദേഹം അവരെ വീക്ഷിച്ചു. ഈ വീക്ഷണം ഈ രണ്ടു മുഖ്യമതാനുയായികൾ തമ്മിലുള്ള വ്യത്യാസത്തെ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽനിന്നു നിർമാർജനം ചെയ്തു. ഭാരതീയാദർശങ്ങളുടെ അപ്രമാദിത്വത്തിൽ ഉറച്ച വിശ്വാസത്തോടും ഭാരതീയാന്തരീക്ഷത്തെക്കുറിച്ച് അത്യുച്ചമായ സമന്വയദൃഷ്ടിയോടും കൂടിയാണ് സ്വാമി മദിരാശിയിൽ എത്തിയത്.

★



**രാജയോഗസമർപ്പണം**

1. നമഃ പരസ്മൈ തമസഃ സവിത്രേ
തസ്മൈ ശരവ്യായ ച ദർശനാനാം
പുമാംസമേതം ലുഠതാം ഭവാബ്ധൗ
യമാമനന്തി ശ്രുതയഃ ശരണ്യം.
2. വിദ്യാ ജയത്യാത്മവിഭൂതിസൂതിഃ
ശിവേന സംവർധിതസമ്പ്രദായാ
യാമേവ സൂത്രാണ്യധികൃത്യ ചക്രേ
പതഞ്ജലിഃ പ്രാഗ്രസരോ മുനീനാം.
3. വ്യാസേന ഭാഷ്യേണ യദധ്യകാരി
ഭോജേന രാജ്ഞാ സ്ഫുടയാ ച വൃത്യാ
കാലേന തസ്യാ ഭവദാവിലത്വം
പാതഞ്ജലസ്യാദ്ഭുതദർശനസ്യ.
4. ആസീന്മഹാൻ കോപി ചിരായ വംഗേ–
ഷ്വദൃഷ്ടപൂർവപ്രതിഭാപ്രഭാവഃ
ശ്രീരാമകൃഷ്ണാഖ്യയതീശ്വരസ്യ
പൂജ്യസ്യ യോന്തേ വസതാം ധുരീണഃ.
5. വിസ്മായയൻ വിശ്വജനം സ്വവാഗ്ഭിഃ
തതാര ധർമോദ്ധരണപ്രവൃത്തഃ
ന കേവലം ഗോഷ്പദവത് സമുദ്രം
സാരസ്വതം തം ച പയോമയം യഃ.
6. പദം ഗതോപി പ്രകൃതേഃ പരം യോ–
ഗുണൈഃ സമജ്ഞാസുരഭിശ്ചകാസ്തി
യസ്യാർഥഗുർവീ പ്രഥതേ ജഗത്യാ–
മാനന്ദസംജ്ഞാദ്യ വിവേകപൂർവാ.
7. സോയം സ ധർമാ മുനിപുംഗവസ്യ
തസ്യൈവ വാഗ്യോഗവിദാം വരസ്യ
വ്യാഖ്യാം വശീ തത് ഫണിതേഃ പ്രസന്നാ–
മത്യദ്ഭുതാമാംഗ്ലഗിരാ ചകാര.
8. ജാഗർത്തി യോഗീ നനു കേരളേഷു
നാരായണാഖ്യോ നിഗമാന്തചാരീ
നുദംസ്തമോ വിഷഗുപാത്തജന്മാ
യദ്യപ്യുപാനന്തപുരം യഥേന്ദുഃ.
8. ജ്ഞാനേന പൂതഃ സ്വതപസ്യയാ ച
വിമത്സരൈഃ സാധു വിഭാവ്യതേ യഃ

ഭർഗഃ സ്വയം വാ നരലക്ഷണോയം
നാരായണോ വേതി നവാവതാരഃ.
9. മൂർധ്നാ ധൃതം പാദരജോപി യസ്യ
ഹൃദ്ദർപ്പണം മേ മലിനം പ്രമാർഷ്ടി
തതഃ കിമന്യോസ്തി വിഭാവനീയോ
ഗുരുർഗരീയാൻ സ ച മേ ഗരിഷ്ഠഃ.
11. ഉക്തേ ച യത്നഃ സ്വയമാംഗ്ലഗുംഭേ
ഹൃധീമതാ സമ്പ്രതി ഫല്ഗുവാചാ
മയാ കൃതഃ കേരളവൈഖരീഭിഃ;
കിം ദുഷ്കരം കർമഗുരോഃ കൃപായാഃ.
12. തസ്യൈവ ചാനേന മയാ പദാബ്ജേ
സ്വീയൈഃ കടാക്ഷൈഃ പരിവർധിതേന
സമർപ്യതേ ഭക്തിഭരേണ സോയം
സമാധിശാസ്ത്രസ്യ സുഖോ വിവർത്തഃ
-----

രാജയോഗതർജമ (1911–1915)

"ഈ വിശിഷ്ടഗ്രന്ഥത്തിന്റെ മൂലം മഹാത്മാവായ വിവേകാനന്ദസ്വാമി ഇംഗ്ലീഷിൽ എഴുതീട്ടുള്ളതാണ്. അതിൽ ഈ പൂർവഭാഗം അദ്ദേഹം 1893–ൽ അമേരിക്കയിൽ ചിക്കാഗോനഗരത്തിൽ കൂടിയ വിശ്വവിശ്രുതമായ മതപ്രതിനിധിമഹാസഭ കഴിഞ്ഞ് അവിടങ്ങളിൽ സഞ്ചരിക്കുമ്പോൾ *രാജയോഗ*ത്തെ സംബന്ധിച്ചു ചെയ്തിട്ടുള്ള എട്ടു പ്രസംഗങ്ങളാകുന്നു. ഇതിന്റെ ഉത്തരഭാഗം അതിനെ പിന്തുടർന്നുതന്നെ പതഞ്ജലിമഹർഷിയുടെ *യോഗസൂത്ര*ങ്ങൾക്ക് ഈ മഹാത്മാവ് ചെയ്തിട്ടുള്ള ഒരു അനുപദതർജമയും അതിന്റെ അതിവിശിഷ്ടമായ ഒരു സ്വതന്ത്രവ്യാഖ്യാനവുമാണ്. ഈ പൂർവഭാഗംപോലെത്തന്നെ അതിനെയും ഈ പരിഭാഷകൻ *വിവേകോദയം* വഴിയായി മലയാളത്തിൽ പ്രസിദ്ധപ്പെടുത്താൻ ശ്രമിച്ചുവരുന്നു." (*കുമാരനാശാന്റെ സമ്പൂർണ കൃതികൾ,* വാല്യം 2. സാഹിത്യപ്രവർത്തകസഹകരണസംഘം, മഹാകവിയുടെ ജന്മശതാബ്ദിദിനത്തിൽ പ്രസിദ്ധപ്പെടുത്തുന്നത്. 1973 ഏപ്രിൽ 12. രാജയോഗതർജമയുടെ പൂർവഭാഗം ഒന്നാം പതിപ്പിന്റെ മുഖവുര, പേജ് 383)

"ഏതാണ്ടു നാലുകൊല്ലം മുൻപ് *രാജയോഗ*ത്തിന്റെ പൂർവഭാഗം മുഴുവൻ പുസ്തകരൂപേണ പുറപ്പെടുവിച്ച അവസരത്തിൽ ഈ ഉത്തരഭാഗവും തർജമ ചെയ്ത് അല്പാല്പമായി *വിവേകോദയം* വഴി പ്രസിദ്ധപ്പെടുത്തുന്നതാണെന്നും തർജമയിൽ പൂർവഭാഗത്തേക്കാൾ ഉത്തരഭാഗത്തിൽ അധികം ദൃഷ്ടി വെക്കാമെന്നും പ്രതിജ്ഞ ചെയ്തിട്ടുണ്ടായിരുന്നു. ഇത്ര താമസിച്ചിട്ടാണെങ്കിലും ഈ പ്രതിജ്ഞ ഒരുവിധം പൂർത്തിയായി എന്നു കാണുന്നതിൽ വലിയ ചാരിതാർഥ്യം തോന്നുന്നു... ആ ഭാഗത്തിന്റെ രണ്ടാം പതിപ്പും ഉത്തരഭാഗത്തിന്റെ ഒന്നാം പതിപ്പുംകൂടി ഈ വിശിഷ്ടഗ്രന്ഥം മുഴുവൻ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു... മഹാത്മാവായ വിവേകാനന്ദസ്വാമി തന്റെ ഇംഗ്ലീഷ്ഗ്രന്ഥംകൊണ്ട് ഉദ്ദേശിച്ച ഫലം ഈ തർജമകൊണ്ട് മലയാളികൾക്കുണ്ടാവുമെങ്കിൽ അതുതന്നെയാണ് ഈ ശ്രമത്തിന്റെ പ്രതിഫലം." (*രാജയോഗം*, 1914, മുഖവുര, പേജ് 381)



★

കുമാരനാശാൻ – എസ്. എൻ. ഡി. പി. യോഗത്തിന്റെ പ്രഥമ കാര്യദർശി, യോഗത്തിന്റെ മുഖപത്രമായ *വിവേകോദയം* (വിവേകാനന്ദപ്രഭാവവും സ്വാധീനവും സൂചിപ്പിക്കുന്നു).

"(നാരായണഗുരു)സ്വാമിയുടെ സന്യാസിശിഷ്യന്മാരിൽ തികച്ചും അസാമാന്യനായ വ്യക്തി സ്വാമി സത്യവ്രതനായിരുന്നു. സ്വാമി സത്യവ്രതൻ സന്യാസിയല്ലാതെ, ശിഷ്യഭാവം പുലർത്തിയിട്ട് മനസ്സിനു തൃപ്തി തോന്നാതെ, 'വിവേകാനന്ദമാർഗ'ത്തിലേക്കു സ്വയം തിരിയുകയാണ് ചെയ്തതും." (പി. കെ. ബാലകൃഷ്ണൻ, *കാവ്യകല കുമാരനാശാനിലൂടെ,* ഡി. സി. ബി. എഡിഷൻ, മൂന്നാം പതിപ്പ്, പേജ് 39)

"സ്വാമി വിവേകാനന്ദൻ ബാംഗ്ലൂർ സന്ദർശിച്ചപ്പോൾ മനുഷ്യമാഹാത്മ്യത്തിന്റെ ആ മൂർത്തി കയറിയ റിക്ഷാവണ്ടി താൻതന്നെ തെരുവിലൂടെ വലിച്ചപ്പൊഴേ ഡോ. പല്പുവിന് തൃപ്തിയായുള്ളൂ എന്നൊരു കഥ കേട്ടിട്ടുണ്ട്. (ഈ നടപടിയിൽ ഡോ. പല്പുവിന്റെ സ്വഭാവത്തിന്റെ ആകെ സംഗ്രഹമുണ്ട്. കേരളത്തിലെ ഈഴവരുടെ സ്ഥിതിയെപ്പറ്റിയും മേൽജാതിക്കാരുടെ സ്പർധയെപ്പറ്റിയും ഡോ. പല്പു ആ മഹാത്മാവിനെ ധരിപ്പിച്ചു. പരാധീനതയനുഭവിക്കുന്നവരെ സംഘടിപ്പിച്ച് കർമനിരതരാക്കി മുൻപോട്ടു കൊണ്ടുപോവുക മാത്രമാണ് ഇതിനു പരിഹാരം എന്നതായിരുന്നു സ്വാമി വിവേകാനന്ദൻ ഡോ. പല്പുവിനു കൊടുത്ത ഉപദേശം. ഇന്ത്യയുടെ ഹൃദയം കണ്ട ആ അദ്ഭുതപുരുഷൻ മറ്റൊന്നുകൂടി ഉപദേശിച്ചു: 'ആധ്യാത്മികതയുടെ പരിവേഷമുണ്ടായാലേ ഇന്ത്യയിൽ ഏതു പ്രസ്ഥാനത്തിനും ജനസാമാന്യത്തിന്റെ ഉള്ളിൽ കടക്കാൻ കഴിയുകയുള്ളൂ.' ഇതുപോലുള്ള ഒരു മഹത്പ്രസ്ഥാനത്തിന്റെ മുൻപിൽ നിൽക്കാൻ പോന്ന പ്രബുദ്ധനായ ഒരാധ്യാത്മികാചാര്യനെ കണ്ടെത്താൻ വിഷമം വരികയില്ലെന്ന ആ വിവേകാനന്ദോപദേശമാണ് നാരായണഗുരുവിനെയും ഡോ. പൽപ്പുവിനെയും സന്ധിപ്പിച്ചത്." (പി. കെ. ബാലകൃഷ്ണൻ,

*കാവ്യകല കുമാരനാശാനിലൂടെ,* ഡി. സി. ബി. എഡിഷൻ, മൂന്നാം പതിപ്പ്, പേജ് 42–43)

"വിവേകാനന്ദന്റെ രാജയോഗപരിഭാഷ സ്വാമിക്കു സമർപ്പണം ചെയ്തുകൊണ്ട് ആശാൻ സംസ്കൃതത്തിൽ രചിച്ച ശ്ലോകങ്ങളും സ്വന്തം വിവാഹവിവരമറിയിച്ചും അനുഗ്രഹാശിസ്സുകൾക്ക് അപേക്ഷിച്ചുകൊണ്ടും സംസ്കൃതത്തിൽ എഴുതിയ ശ്ലോകങ്ങളും സംസ്കൃതം ഒട്ടും നിശ്ചയമില്ലാത്ത ഒരാൾക്കുപോലും അർഥമറിയുന്ന ആൾ ഉറക്കെ വായിച്ചുകേട്ടാൽ അതിൽനിന്നൊഴുകുന്ന ഭക്തിസ്നേഹവിനയാദിഗുണങ്ങളുടെ വിഷാദാന്വിതമായ ധാരകൊണ്ടു മനസ്സലിയും." (പി. കെ. ബാലകൃഷ്ണൻ, *കാവ്യകല കുമാരനാശാനിലൂടെ,* ഡി. സി. ബി. എഡിഷൻ, മൂന്നാം പതിപ്പ്, പേജ് 104)

### വിവേകാനന്ദസ്വാമികളുടെ ഒരു കവിത

ആരോമൽക്കുസുമങ്ങളുള്ളു കവരുന്നാളും സുഗന്ധത്തിനാൽ
സാരാവം മദമാർന്ന ഭൃംഗനിരയും ചൂഴുന്നു ചെന്നാകവേസ
പാരം വെണ്മതി തൂവിടുന്നവനിയിൽ സൗധങ്ങൾമേൽ പൂനി
ലാ–
വാരാൽ സ്വർഗികൾ പുഞ്ചിരിക്കുവതുപോലെങ്ങും വിളങ്ങുന്ന
തും.
തെക്കുന്നെത്തിയ മന്ദവായുവിനെഴും സമ്മോഹനസ്പർശമാർ–
ന്നുൾക്കാമ്പിങ്കൽ വരുന്നിതോർമകൾ പുടം ഭേദിച്ചെഴുമ്പോലവേ
ദിക്കെങ്ങും ചിലതോടുമാറുമല പൊങ്ങും പൊയ്കയും തിങ്ങി–
ടു–
ന്നുൾക്കമ്പം കലരുന്ന വട്ടമിടുമീ വണ്ടാർന്ന തണ്ടാരുകൾ.
തല്ലിപ്ഫേനമിയന്നൊഴുക്കുകൾ വരുന്നൂ വാദ്യഘോഷം കണ–
ക്കെല്ലാം മാറ്റൊലി കൊണ്ടു കന്ദരതലം നീളേ മുഴങ്ങുന്നിതേ
ചൊല്ലേറുന്ന ലയം കലർന്നുചിതമായ് സ്നേഹത്തെ
വാഴ്ത്തുന്ന പോൽ
മെല്ലെക്കൊമ്പു മറഞ്ഞിരുന്നു കുയിലും മാവീന്നു കൂവുന്നു–
തേ!
പൊന്നിൻതൂലികയാൽ പ്രഭാതരവിയാമാ ലേഖകൻ ദിവ്യനീ
മന്നിൽ തൊട്ടിത മന്ദമായ് നിറമിടുന്നൂ ചിത്രവർണങ്ങളാൽ
മിന്നുന്നൂ നിറമൊക്കവേ നിലമതിൽ കാണ്മാൻ പരത്തുന്നപോ–

ലെന്നുള്ളത്തിൽ വരുന്നിതോർത്തു കടൽ പോലോരോ വികാ–
രങ്ങളും.
മാറാതാഞ്ഞു മഹാകഠോരമിടിവെട്ടീടുന്നു പാടേ കടും–
കാറാൽ മൂടിമറഞ്ഞു വിണ്ണു കലരുന്നൂ ഘോരയുദ്ധാരവം
പാരും ദ്യോവുമടക്കിയാർത്തു സമരം ഭൂതങ്ങൾ ചെയ്യുന്നുവോ,
പാരം കൂരിരുൾ കൂരിരുട്ടതിനെയീ നിട്ടിൽ കവിട്ടുന്നുവോ?
ക്രൂരത്വം പരമാർന്നു പാഞ്ഞലറിയെത്തീടുന്നു കല്പാനിലൻ
ചോരയ്ക്കൊത്തു ചുവന്നു ഘോരതരമായ്ക്കത്തുന്നിടിത്തീ
സദാ
പാരം ചീറിയണഞ്ഞു പർവതനിരയ്ക്കങ്ങേപ്പുറം ചാടുവാ–
നോരുന്നൂ കടൽ ഘോരഘോരമിളകും കല്ലോലജാലങ്ങളാൽ.
മൂളിക്കൊണ്ടിളകുന്നു ഭൂമി, മുഹുരാർത്തേറ്റം വിറയ്ക്കുന്നഹോ!
കോളിൽ സ്വസ്ഥിതി വിട്ടു ഞെട്ടിയിടറിത്താഴുന്നതാഴത്തിലും;



കാളുന്നുള്ളുനിറഞ്ഞ തീയതിനെഴും ഘോരോജ്ജ്വലജ്വാലയിൽ
ചീളെന്നദ്രികൾ ധൂളിധൂളിസമമായെത്തുന്നണുത്വം വരെ!
താരം പോലെ വിടർന്നൊരാമ്പൽ നിരപൂണ്ടാകാശരമ്യോദകം
ചേരും കേണിയതിൻ കരയ്ക്കഴകെഴും വീടൊന്നു കാണുന്ന–
തിൽ
പാരം വെൺനുരയാർന്നു പാത്രമതിലാ മാർദ്വീകഹൃദ്യാസവം
പൂരിച്ചുച്ഛ്വസിതങ്ങളാൽ ചെറുതുരച്ചീടുന്നു ഗൂഢോക്തികൾ.
കർണദ്വന്ദ്വപുടം കവിഞ്ഞൊഴുകിടുന്നൂ കാമ്യവീണാരവം;
തിണ്ണെന്നുദ്ഗതരാഗവും ലയവുമേറ്റുന്നേറ്റമുത്കണ്ഠയെ;
എണ്ണംവിട്ട വികാരമാർന്നു, നെടുവീർപ്പിട്ടിദ്ധരാഗോഷ്ണമാം–
വണ്ണം ഹാ! പൊഴിയുന്നിരുന്നൊരിളമാൻകണ്ണാളു കണ്ണീരുമേ!
ആരക്താധരയാർദ്രമാം രസഭരം തിങ്ങുന്നൊരാ രണ്ടു വൻ–
പാരാവാരമൊടൊത്ത കണ്ണിണയയച്ചീടുന്നു, തേടുന്നുടൻ,
പാരം കൈകളുയർത്തിടുന്നു, കൊതിയാൽ പ്രേമം കിടക്കു–
ന്നൊരാ–
ക്കാരാഗാരമതായ ഹൃത്തടമതും വൈകാതെ പുൽകാനവൾ.
(അപൂർണം)